# കത്തീഡ്രൽ വോയ്സ്

തൃശൂർ ലൂർദ്ദ് മെട്രോപോളിറ്റൻ കത്തീഡ്രലിന്റെ മുഖപത്രം

ഫെബ്രുവരി 2025



"ഞാൻ അമലോത്ഭവയാണ്....."


Elegance
for every occasion.
Pride Of Fashion
Shankarayyar Junction (Jayalakshmi Silks Road)
Poothole, Thrissur
Phn: 0487 2386500, 8136971500
South Bazar (Near Puthenpalli)
High Road, Thrissur
Phn: 0487 2424200, 8304021500
Poothole Branch (Car Parking Available)
High-road Branch
PRIDE
OF FASHION
Always in style
Scan this QR code to connect with us.
BRIDAL ORNAMENTS - BRANDED COSMETICS - FANCY ACCESSORIES - DANCE ORNAMENTS

# പത്രാധിപസമിതി


**ചീഫ് എഡിറ്റർ:**
വെ. റവ. ഫാ. ഡേവിസ് പുലിക്കോട്ടിൽ
9526870870
**മാനേജിങ്ങ് എഡിറ്റേഴ്സ്**
റവ. ഫാ. അനു ചാലിൽ
8281742260
റവ. ഫാ. ജിജോ എടക്കളത്തൂർ
9961511126
**എക്സിക്യൂട്ടീവ് എഡിറ്റർ:**
പ്രൊഫ. ഡോ. കെ. എം. ഫ്രാൻസിസ്
9846330595
**അസോസിയേറ്റ് എഡിറ്റർ:**
ശ്രീ. ജോസ് വാഴപ്പിള്ളി
9446766776
**സെക്രട്ടറി:**
ശ്രീ. സി. ആർ. ആന്റോ
9387100728
**ട്രഷറർ:**
ശ്രീ. സോണി തോമസ് കവലക്കാട്ട്
9387105562
**അംഗങ്ങൾ:**
ഡോ. ജോബി കാക്കശ്ശേരി
ഡോ. ഇഗ്നേഷ്യസ് ആന്റണി
ശ്രീ. ജോഷി ചിറമ്മൽ
ശ്രീമതി അൽഫോൺസ സിംസൺ
ശ്രീ. ബോബി ചിറക്കേക്കാരൻ
സി. ദീപ വർഗ്ഗീസ് SKD
8078399044
**സർക്കുലേഷൻ മാനേജർ:**
ശ്രീ. പി.ജെ. ടോജോ
9846660020
**നടത്തുകൈക്കാരൻ**
ശ്രീ. തോമസ് കോനിക്കര
**കൈക്കാരന്മാർ**
ശ്രീ. ലൂവി കണ്ണാത്ത്
ശ്രീ. ജോസ് ചിറ്റാട്ടുകര
ശ്രീ. ജോജു മഞ്ഞില


# ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഹൃദയപൂർവ്വം വികാരിയച്ചൻ | 4 |
| സ്നേഹപൂർവ്വം അനുവച്ചൻ | 6 |
| സ്നേഹപൂർവ്വം ജിജോ അച്ചൻ | 7 |
| പ്രത്യാശയുടെ ജൂബിലി | 8 |
| ക്യാൻസർ വെറും ഒരു വാക്ക് | 11 |
| ശാസ്ത്ര വളർച്ചയിൽ | 15 |
| വി. ബർത്തലമേയൂസ് | 23 |
| വി. ബ്രിജീത്ത | 24 |
| ചിരിയുടെ അഭാവം | 25 |
| നുറുങ്ങു കവിതകൾ | 26 |
| ജീവന്റെ മൂല്യം (നാടകം) | 28 |
| ഇടവക വാർത്തകൾ | 35 |
| കുടുംബ കൂട്ടായ്മ വാർത്തകൾ | 36 |
| സംഘടനാ വാർത്തകൾ | 41 |
| പള്ളി അറിയിപ്പ് | 43 |
| ബൈബിൾ ക്വിസ് | 49 |
| നിറം കൊടുക്കൽ | 50 |
| അടിക്കുറിപ്പ് | 51 |
| വിശുദ്ധ ഗ്രന്ഥ വായന | 52 |


## തിരുക്കർമ്മ സമയം

**വി. കുർബ്ബാന : ഞായർ:** 6.00 a.m, 7.30 am. 10.30 a.m, 5.00 p.m, 7.00 p.m. **മറ്റു ദിവസങ്ങളിൽ:** 6.00 a.m, 7.30 a.m, 5.00 p.m.
**നിത്യസഹായമാതാവിന്റെ നൊവേന:** ശനിയാഴ്ച 6.45 a.m, 8.15 am. 5.45 p.m
**ഉണ്ണിമിശിഹാ കപ്പേളയിൽ** : വി.കുർബ്ബാന തിരുക്കർമ്മങ്ങൾ ഓരോ മാസവും 1-ാം തിയ്യതി 7.00 p.m
ലദീഞ്ഞ്, നൊവേന, കുഞ്ഞുങ്ങൾക്കുള്ള ആശീർവ്വാദം


**Our Lady of Lourdes Metropolitan Cathedral**
Cathedral Road, Thrissur - 680 005
Ph: 0487 2333995, 8547797595
e-mail: cathedralthrissur@gmail.com, Web: www.lourdescathedralthrissur.com
Printed at : Vivid Offset Printers, Behind Latin Church, Thrissur-1.
For Private Circulation only

ക്രൈസ്തവർ ഭാരതത്തിന്റെ തകർച്ച ആഗ്രഹിക്കുന്നുവെന്ന് ചില ഹിന്ദുത്വവാദികൾ പ്രചരിപ്പിക്കുന്നുണ്ട്. ഹിന്ദു സംസ്കാരത്തിന് വിരുദ്ധമാണ് ക്രൈസ്തവ സംസ്കാരം എന്നതാണ് ഇവർ ഇതിനായി ചൂണ്ടിക്കാണിക്കുന്നത്. ഈ വാദം തികച്ചും തെറ്റാണെന്ന് മനസ്സിലാക്കാൻ സംസ്കാരത്തെകുറിച്ചുള്ള പഠനം നമ്മെ സഹായിക്കും.

സംസ്കാരം എന്നത് മനുഷ്യനിലെ നന്മകളെ വളർത്താനും, തിന്മകളെ നശിപ്പിക്കാനും മനുഷ്യൻ നിർമ്മിച്ച സംവിധാനങ്ങളാണ്. ഈ സംവിധാനങ്ങളുടെ അടിത്തറ ചില മൂല്യങ്ങളാണ്. മൂല്യങ്ങൾ എന്നാൽ മനുഷ്യജീവിതത്തിൽ ഏറ്റവും വിലയേറിയ അടിസ്ഥാന പ്രമാണങ്ങൾ എന്നാണ് അർത്ഥം. ഉദാഹരണമായി കള്ളസാക്ഷ്യം പറയരുത് എന്നത് ഒരു മൂല്യമാണ്. ഈ മൂല്യം ഇല്ലാതായാൽ കോടതികൾ തീരുമാനങ്ങളെടുക്കുന്നത് സാക്ഷി മൊഴികളുടെ അടിത്തറയിലാണ് ജനങ്ങൾ കള്ള സാക്ഷ്യത്തെ പ്രോൽസാഹിപ്പിച്ചാൽ നീതിപീഠങ്ങൾ പ്രയോജനരഹിതമാകും. നീതിപീഠങ്ങൾ തകർന്നാൽ സാമൂഹിക ജീവിതം ദു:സ്സഹമാകും.

പ്രസ്തുത മൂല്യങ്ങൾ കഥകൾ, കവിതകൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ എന്നിവയിലൂടെ സമൂഹം നിലനിർത്തുകയും, ചില സംവിധാനങ്ങളിലൂടെ അബോധപൂർവ്വം കൈമാറുകയും ചെയ്യുന്ന പ്രക്രിയയാണ് സാംസ്കാരിക പ്രവർത്തി.

ഓരോ രാജ്യത്തെയും മിത്തുകളും, പുരാണങ്ങളും ഇത്തരം മൂല്യ വ്യവസ്ഥയുടെ കേന്ദ്രമാണ്. ഉദാഹരണമായി രാമായണം മുന്നോട്ടുവെയ്ക്കുന്ന ഏറ്റവും പ്രധാന മൂല്യം ഏക ഭാര്യത്വം ആണ്. ക്രിസ്തുമതം പ്രസ്തുത മൂല്യത്തെ നിയമവ്യവസ്ഥയാക്കി മാറ്റി. കുടുംബത്തെക്കുറിച്ചുള്ള രാമായണത്തിലെ കാഴ്ച്ചപ്പാട് സാർവത്രികമാക്കുന്നത് ക്രിസ്തുമതമാണ്. എന്നാൽ മനുസ്മൃതി പോലുള്ള ഗ്രന്ഥങ്ങൾ ക്ഷത്രിയന് നാലുവിവാഹവും, ബ്രാഹ്മണന് മൂന്ന് വിവാഹവും അനുവദിച്ചു നൽകി. അതുകൊണ്ട് ആരാണ് യഥാർത്ഥത്തിൽ ഇന്ത്യൻ സംസ്കാരത്തെ വളർത്തുന്നത്? ബഹുഭാര്യത്വം പ്രോത്സാഹിപ്പിക്കുന്നവരെല്ലാം ഹിന്ദു സംസ്കാരത്തിന് എതിരാണ്.

കൂടാതെ സംസ്കാരങ്ങൾ മനുഷ്യനിർമ്മിതമാണ്. അതിനാൽ ഒരു സംസ്കാരത്തിൽ ഭാവാത്മകവും, നിഷേധാത്മകവുമായ ഘടകങ്ങൾ നിലനിൽക്കുന്നു. പക്ഷേ ഹിന്ദുത്വവാദികൾ ഇന്ത്യൻ സംസ്കാരം സമ്പൂർണ്ണവും, യാതൊരുവിധ തെറ്റുകളും ഇല്ലാത്തതാണെന്നും വാദിക്കുന്നു. എന്നാൽ ലോകത്തിലെ എല്ലാ സംസ്കാര

ങ്ങളിലും നല്ലതും ചീത്തയുമുണ്ട്. അത് ഇന്ത്യൻ സംസ്കാരത്തിലും കാണാവുന്നതാണ്. ജാതിവ്യവസ്ഥ ഇന്ത്യയെ കാർന്നു തിന്നുന്ന ക്യാൻസറാണ്. ക്രിസ്തുമതത്തിന്റെ ആദ്യ തീരുമാനം ജാതിവ്യവ സ്ഥയ്ക്ക് എതിരാണ്. മറ്റു സമൂഹങ്ങളിലെ വ്യക്തികളെ ഹീനന്മാ രായി കാണുന്ന യഹൂദ മതചിന്ത തെറ്റാണെന്ന് ജറുസലേം കൗൺസിൽ പ്രഖ്യാപിക്കുന്നു. (അപ്പസ്തോല പ്രവർത്തികൾ 10:28) എന്നാൽ ഇന്ത്യയിലെ പല ഗ്രന്ഥങ്ങളും ജാതിവ്യവസ്ഥയെ ദൈവീക വ്യവസ്ഥയുമായി പഠിപ്പിക്കുന്നു.

അതുകൊണ്ട് ഇന്ത്യൻ സംസ്കാരം തെറ്റുകളില്ലാത്തതാണെന്ന വാദം തെറ്റാണ്. ക്രിസ്തുമതത്തിന് സ്വന്തമായ സാംസ്കാരിക ഘട നയില്ല. ക്രിസ്തു എന്ന വ്യക്തി ഓരോ സംസ്കാരത്തിന്റേയും ഗർഭ ത്തിൽ രൂപപ്പെടണം. അപ്പോൾ നിലവിലുള്ള രാജ്യങ്ങളിലെ സാംസ്കാ രിക നന്മകൾ ക്രിസ്തുമതത്തിന്റേതായി മാറുന്നു. മാത്രമല്ല, ക്രിസ്തു മത ചിന്തകൾ ആ രാജ്യങ്ങളിലെ സാംസ്കാരത്തിലെ തിന്മകളെ നശിപ്പിക്കുന്നു. ഇത്തരത്തിൽ ജീവിക്കുന്ന രാജ്യങ്ങളിലെ സാംസ്കാ രിക സമ്പന്നത സ്വന്തമാക്കി കൊണ്ടാണ് ക്രിസ്തുമതം വളരുന്നത്. ഇതിനെ കത്തോലിക്കാ സഭ സാംസ്കാരിക അനുരൂപണം എന്ന് നാമകരണം ചെയ്യുന്നു. ഇന്ത്യൻ സംസ്കാരത്തിലെ നന്മയെ വളർത്തു വാനും, തിന്മകളെ ഇല്ലാതാക്കാനും ഇന്ത്യയിലെ ക്രിസ്തുമതത്തിന് കഴിയട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

## ഓർമ്മിക്കാൻ ആചരിക്കാൻ

**ഫെബ്രുവരി - 2025**

| | | |
|---|---|---|
| 2 ഞായർ | : | നമ്മുടെ കർത്താവിന്റെ ദേവാലയപ്രവേശനം (പരിശുദ്ധ കന്യകമറിയത്തിന്റെ ശുദ്ധീകരണ തിരുനാൾ) |
| 4 ചൊവ്വ | : | വി. ജോൺ ബ്രിട്ടോ |
| 7 വെള്ളി | : | ആദ്യവെള്ളി |
| 11 ചൊവ്വ | : | ലൂർദ്ദ് മാതാവ് (രോഗീദിനം) (ഫെബ്രുവരി 11) |
| 21 വെള്ളി | : | സീറോ മലബാർ സഭയിലെ വിശുദ്ധർ |
| 22 ശനി | : | വി. പൊലിക്കാർപ്പ് |
| 25 ചൊവ്വ | : | വാഴ്ത്തപ്പെട്ട സി. റാണി മരിയ (ഫെബ്രുവരി 25) |
| 28 വെള്ളി | : | സകല മരിച്ചവരുടെയും ഓർമ്മ |



# ഹൃദയപൂർവ്വം

തൃശ്ശൂർ ജില്ലയുടെയും, കേരളത്തിന്റെയും സാംസ്കാരിക ചരിത്രത്തിൽ നിർണ്ണായക സ്ഥാനം വഹിച്ച ദേവാലയമാണ് ലൂർദ്ദ് കത്തീഡ്രൽ. ഈ ദേവാലയത്തിൽ അഭിവന്ദ്യ പിതാവിന്റെ പകരക്കാരാനായി ശുശ്രൂഷ ചെയ്യാൻ എന്നെ അനുവദിച്ച ദൈവത്തിന് ഞാൻ നന്ദി പറയുന്നു.

കഴിഞ്ഞ മൂന്ന് വർഷക്കാലമായി കത്തീഡ്രൽ വികാരിയായി സേവനമനുഷ്ഠിച്ചുകൊണ്ട് സഭയുടെ വളർച്ചയ്ക്കായി പ്രവർത്തിക്കാൻ എനിക്ക് കഴിഞ്ഞത് അനേകം വ്യക്തികളുടെ സഹായ സഹകരണ ങ്ങൾ മൂലമാണ്. കൈക്കാരന്മാർ, കുടുംബ കൂട്ടായ്മ ഭാരവാഹികൾ, വിവിധ സംഘടനകളുടെ നേതാക്കൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഇടവകയുടെ സർവ്വതോന്മുഖമായ വളർച്ചയെ ലക്ഷ്യം വെച്ച് പ്രവർത്തി ക്കാൻ എന്നെ സഹായിച്ചു. എല്ലാവർക്കും ഞാൻ നന്ദി പറയുന്നു.

കൂടാതെ നമ്മുടെ ഇടവക ഏറ്റെടുത്ത പ്രധാന ദൗത്യം സെന്റ് മേരീസ് യു പി സ്കൂളിന്റെ നിർമ്മാണവും, തോപ്പ് സ്കൂളിന്റെ നവീകരണവുമാണ്. പ്രസ്തുത നിർമ്മാണങ്ങൾ പൂർത്തീകരിക്കാൻ കഴിഞ്ഞുവെന്നത് ഇടവകയുടെ നേട്ടമാണ്. ഈ നേട്ടങ്ങൾക്ക് പുറകിൽ പ്രവർത്തിച്ച എന്റെ സഹവികാരിന്മാർക്കും, മുഴുവൻ ഇടവക ജനത്തിനും നന്ദിയർപ്പിക്കുന്നു.

ആരാധനാ ക്രമവൽസരത്തിലെ ദനഹാ കാലത്തിലൂടെയാണ് നാം കടന്നുപോകുന്നത്. പരിശുദ്ധാത്മാവിന് ഈ ലോകത്തിൽ പ്രവർത്തി ക്കാൻ യേശു സ്വയം മാർഗ്ഗമായി മാറുന്നു. നമ്മുടെ വിശുദ്ധ കുർബ്ബാ നയുടെ സമാപനാശിർവാദത്തിൽ നാം പ്രാർത്ഥിക്കുന്നു. പിതാവായ ദൈവം പുത്രനായ ക്രസ്തു വഴിയായി പരിശുദ്ധാത്മാവ് എന്ന ദാനം നമ്മിൽ സമൃദ്ധമായി വർഷിക്കുന്നു.

പരിശുദ്ധാത്മാവിൽ ജിവിക്കുന്നവർ മറ്റുള്ളവർക്ക് വഴിയൊരുക്കു ന്നവരാണ് വി.സ്നാപക യോഹന്നാൻ പറയുന്നു. എന്റെ പിന്നാലെ വരുന്നവർ എന്നേക്കാൾ ശക്തനാണ് യേശു ക്രിസ്തുവിന്റെ ജീവിതം

തന്നെ ഇക്കാര്യങ്ങൾക്ക് മാതൃകയാണ്. തന്നേക്കാൾ കൂടുതൽ പ്രവർത്തിക്കാൻ കഴിയുന്ന പന്ത്രണ്ട് അപ്പസ്തോലന്മാരെയും അനേകം ശിഷ്യന്മാരേയും യേശു വളർത്തിയെടുത്തു. നമ്മുടെ ഇടവകയിലെ നേതാക്കന്മാർക്കും അങ്ങിനെ പ്രവർത്തിക്കാൻ കഴിയട്ടെ. എനിക്കു ശേഷം പ്രളയം എന്നത് തെറ്റായ ചിന്തയാണ്. പരിശുദ്ധാത്മാവിൽ പ്രവർത്തിക്കുന്ന നേതാക്കളായും വ്യക്തികളായും മാറാൻ ദനഹാക്കാലത്തിലെ ശുശ്രൂഷകൾ നമ്മെ സഹായിക്കും. പരിശുദ്ധാത്മാവിൽ പരസ്പരം ശ്രവിക്കുന്നവരായിക്കൊണ്ട് പ്രത്യാശയുടെ കവാടങ്ങൾ കടക്കാൻ നമ്മുക്ക് കഴിയണം. പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. എന്ന വി. പൗലോസിന്റെ വാക്കുകൾ അസ്ഥിത്വത്തിൽ ഉൾചേരാൻ പരിശുദ്ധാത്മാവ് നിങ്ങളെ ഓരോരുത്തരേയും രൂപാന്തരപ്പെടുത്തട്ടെ.

സ്നേഹപൂർവ്വം വികാരി

**ഫാ. ഡേവിസ് പുലിക്കോട്ടിൽ**

## മാർച്ച് മാസം ചർച്ചാവിഷയം

I. വീണ്ടും ഒരു നോമ്പുകാലം

II. നാനോ സാങ്കേതിക വിദ്യ, മാറുന്ന ശാസ്ത്ര ലോകം

III. അശാസ്ത്രീയ വനനിയമം

IV. ഉപഭോക്താവിന്റെ അവകാശം

## ഏപ്രിൽ മാസം ചർച്ചാവിഷയം

I. ആരോഗ്യ സംരക്ഷണത്തിന്റെ ആവശ്യകത

II. അമ്മയുടെ ആരോഗ്യം കുഞ്ഞിന്റെയും

III. വായിച്ചാൽ വളരും, വായിച്ചില്ലെങ്കിൽ വളയും

**കൂടാതെ പ്രസക്തമായ ഏതു വിഷയത്തെക്കുറിച്ചും എഴുതാം**

(എഴുതുന്നവർ A4 പേപ്പറിൽ 2 സെന്റീമീറ്ററെങ്കിലും മാർജിൻ ഇട്ട് വൃത്തിയായി, വ്യക്തമായി എഴുതി മൊബൈൽ നമ്പർ രേഖപ്പെടുത്തി 15-ാം തിയ്യതിക്കു മുമ്പ്, കത്തീഡ്രൽ വോയ്സിന്റെ ബോക്സിൽ നിക്ഷേപിക്കുക)

# സ്നേഹപൂർവ്വം



സ്നേഹമുള്ളവരെ,

ലൂർദ്ദ് കത്തീഡ്രൽ ദേവാലയത്തിലെ ഒരു വർഷത്തെ സേവനത്തിനു ശേഷം പുതിയൊരു അജപാലന ശുശ്രൂഷയിലേക്ക് നീങ്ങുകയാണ് പ്രത്യേകമായി ഈ അവസരത്തിൽ നന്ദി പറയുവാനായിട്ട് ആഗ്രഹിക്കുകയാണ്. പൗരോഹിത്യ ശുശ്രൂഷയിൽ എനിക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും തന്ന ബഹുമാനപ്പെട്ട വികാരി ഡേവിസ് പുലിക്കോട്ടിലച്ചനോടും, ജിജോ എടക്കളത്തൂരച്ചനോടും, സിസ്റ്റേഴ്സിനോടും, ബ്രദേഴ്സിനോടും, കൈക്കാരൻമാരോടും, ഓഫീസ് സ്റ്റാഫിനോടും, പള്ളി ജീവന ക്കാരോടും, ദൈവാലയ ശുശ്രൂഷകരോടും, അൾത്താര ബാലൻ മാരോടും, യുവജനസംഘടന അംഗങ്ങളോടും, മറ്റ് സംഘടന അംഗ ങ്ങളോടും, വിശ്വാസ പരിശീലകരോടും എല്ലാ ഇടവകാംഗങ്ങളോടും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തുന്നു.

സ്നേഹപൂർവ്വം

**ഫാ. അനുവച്ചൻ**

---

**കഴിഞ്ഞ മൂന്ന് മാസങ്ങളിൽ ചാരിറ്റി ഫണ്ടിൽ നിന്നും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ചിലവഴിച്ച തുകകൾ**

| | October | November | December | |
|---|---|---|---|---|
| | Amount | Amount | Amount | Total |
| ചികിൽസ | 17550.00 | 36250.00 | 130500.00 | 184300.00 |
| വിവാഹം | 7000.00 | 8000.00 | 103000.00 | 118000.00 |
| ദത്ത്കുടുംബം | 5000.00 | 9500.00 | 10000.00 | 24500.00 |
| സാമ്പത്തികം | 5950.00 | 7600.00 | 2600.00 | 16150.00 |
| വിദ്യാഭ്യാസം | | 500.00 | 45500.00 | 46000.00 |
| ഭവനം | | 205750.00 | 56000.00 | 261750.00 |
| Grand Total | **35500.00** | **267600.00** | **347600.00** | **650700.00** |



# സ്നേഹപൂർവ്വം

ഏതൊരു കുഞ്ഞും തന്റെ ആദ്യ നാളുകളിൽ അമ്മയോടൊപ്പം ആയിരിക്കാനാണ് ആഗ്രഹിക്കുക. പൗരോഹിത്യ സ്വീകരണത്തിന്റെ ആദ്യ നാളുകൾ പരിശുദ്ധ അമ്മയുടെ തണലിൽ ലൂർദ്ദ് ഇടവകയിൽ ആയിരിക്കാൻ സാധിച്ചത് വലിയ ദൈവാനുഗ്രഹമായി തിരിച്ചറിയുന്നു. തനതായ അജപാലന ശൈലിയുടെ മാതൃക നൽകി എന്നിലെ പൗരോഹിത്യവ്യക്തിത്വത്തിന് പുതിയ രൂപവും ഭാവവും പകർന്ന, ആവോളം സ്നേഹവും കരുതലും നൽകിയ പ്രിയപ്പെട്ട ഡേവിസ് അച്ചന് ഒത്തിരി നന്ദി. ഒരു സുഹൃത്തിനെപ്പോലെ എപ്പോഴും കൂടെ നിർത്തിയ, പ്രോത്സാഹനം തന്ന അനു അച്ചനെയും നന്ദിയോടെ ഓർക്കുന്നു. ഈ ഒരു വർഷക്കാലം പ്രാർത്ഥനയുടെ കരുത്തായി, സ്നേഹത്തിന്റെ കൂട്ടായി, തിരുത്തലിന്റെ കരുതലായി, കൂടെ നിന്ന ബ്രദേഴ്സിനും, സിസ്റ്റേഴ്സിനും, കൈക്കാരന്മാർക്കും, വിശ്വാസ പരിശീലകർക്കും, റിക്സൻ ചേട്ടനും, ടോജോ ചേട്ടനും, സേവ്യർ ചേട്ടനും, പള്ളിയിലെ എല്ലാ സ്റ്റാഫിനും കുടുംബക്കൂട്ടായ്മ സംഘടന ഭാരവാഹികൾക്കും ഒത്തിരി നന്ദി. എന്നെ ഒരു മകനായി കണ്ട് സ്നേഹിച്ച, തിരുത്തലുകൾ നൽകിയ എല്ലാ അപ്പച്ചന്മാർക്കും അമ്മമാർക്കും, ഒരു സുഹൃത്തിനെപ്പോലെ കൂടെ കൂട്ടിയ എല്ലാ യുവജന സുഹൃത്തുക്കൾക്കും, എനിക്ക് ഏറ്റവും പ്രിയപ്പെട്ട അൾത്താര സംഘാംഗങ്ങൾക്കും, എല്ലാ കുഞ്ഞുമക്കൾക്കും, ഹൃദയം നിറഞ്ഞ നന്ദിയും പ്രാർത്ഥനയും. ഒത്തിരി കുറവുകൾ വന്നു പോയിട്ടുണ്ട്. കുറവുകളെ നിറവുകളാക്കുന്ന തമ്പുരാന്റെ മുമ്പിൽ പ്രാർത്ഥനയുടെ കരങ്ങൾ കൂപ്പുമ്പോൾ എന്നെക്കൂടി ഓർക്കണമേ. അയയ്ക്കപ്പെടുന്ന ഇടങ്ങളിൽ വിശ്വസ്തതയോടെ ക്രിസ്തുവിനെ പങ്കുവെക്കാനുള്ള കൃപയ്ക്കുവേണ്ടി പ്രാർഥിക്കുമല്ലോ. അർഹിച്ചതിനെക്കാൾ കൂടുതൽ സ്വീകരിച്ചതിന്റെ കടവുമായാണ് തിരികെ മടങ്ങുന്നത്. സ്നേഹത്തിന്റെ ഈ കടപ്പാട് തന്നുവീട്ടാൻ ആകാത്തതാണ്. കൃതജ്ഞതയുണ്ട്, എല്ലാവരോടും എല്ലാത്തിനും എപ്പോഴും...

നന്ദിയോടെ,

**ജിജോ അച്ചൻ**

# പ്രത്യാശയുടെ ജൂബിലി

*"പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല."*
(റോമാ 5:5)



**റവ. ഫാ. ക്രിസ്റ്റോ മഞ്ഞളി**

പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ വിശുദ്ധ പൗലോസ് ശ്ലീഹായിൽ നിന്ന് പ്രചോദനം സ്വീകരിച്ച് "Spe snon Confundit" പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല എന്ന തിരുവെഴുത്ത് വഴി 2025 ജൂബിലി വർഷമായി പ്രഖ്യാപിച്ചു. പ്രത്യാശയുടെ തീർത്ഥാടകരാകുക എന്നതാണ് ഈ ജൂബിലി വർഷത്തിന്റെ മുദ്രാവാക്യമായി ഫ്രാൻസിസ് പാപ്പ തിരഞ്ഞെടുത്തത്. ഈശോമിശിഹായുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലി വർഷം ആഘോഷിക്കുമ്പോൾ പ്രത്യാശയുടെയും പ്രതീക്ഷയുടെയും വെളിച്ചം ലോകം മുഴുവനിലും പ്രസരിക്കുക എന്ന ലക്ഷ്യത്തോടെ മാർപാപ്പ ഈ മഹാജൂബിലി വർഷത്തിന് തിരി തെളിയിച്ചു. 2024 ഡിസംബർ 24 ന് ആരംഭിച്ച് 2026 ജനുവരി ആറിന് അവസാനിക്കുന്ന വിധത്തിലാണ് ജൂബിലി വർഷം പരിശുദ്ധ പിതാവ് നിശ്ചയിച്ചിരിക്കുന്നത്. 2024 മെയ് 9നാണ് ജൂബിലി വർഷം പ്രഖ്യാപിച്ചു കൊണ്ടുള്ള പ്രമാണരേഖ പരിശുദ്ധ പിതാവ് പ്രസിദ്ധീകരിച്ചത്. 2024 ക്രിസ്തുമസ് പാതിരാ കുർബാനയോടു കൂടി വത്തിക്കാനിലെ പത്രോസിന്റെ ബസിലിക്കയിൽ പ്രത്യാശയുടെ വിശുദ്ധ കവാടം ഫ്രാൻസിസ് മാർപ്പാപ്പ തുറന്നതോടെയാണ് ജൂബിലി വർഷാചരണത്തിന് തുടക്കമായത്. ലോകത്തിലെ സകല ദൈവാലയങ്ങളുടെയും മാതൃ ദൈവാലയം എന്നറിയപ്പെടുന്ന വിശുദ്ധ ജോൺ ലാറ്ററൻ ബസിലിക്കയുടെ വിശുദ്ധ കവാടം 2024 ഡിസംബർ 29ന് തുറന്നതോടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉള്ള കത്തീഡ്രൽ ദൈവാലയങ്ങളിലും മറ്റു പ്രധാന ദൈവാലയങ്ങളിലും പ്രാദേശിക മെത്രാൻമാരുടെ നേതൃത്വത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചുകൊണ്ട് അതാത് രൂപതകളിൽ ജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു.

കത്തോലിക്കാ സഭയിലെ ജൂബിലി ആചരണം കൃപയുടെയും കൃതജ്ഞതയുടെയും അനുരഞ്ജനത്തിന്റെയും തീർത്ഥാടനത്തിന്റെയും പ്രത്യേക ആഘോഷമാണ്. സാധാരണയായി 25 വർഷത്തിലൊരിക്കലാണ് സഭയിൽ ജൂബിലി ആഘോഷിക്കുന്നത്. ദൈവത്തിന്റെ അതിരുകളില്ലാത്ത കരുണയെ കുറിച്ചാണ് ഈ ജൂബിലി വർഷം നമ്മെ ബോധ്യപ്പെടുത്തേത്. ജൂബിലി ഹീബ്രുപദമായ

യോബെൽ എന്ന വാക്കിൽ നിന്നാണ് ഉത്ഭവിച്ചത്. 'ആട്ടുകൊമ്പ്' എന്നാണ് ഇതിനർത്ഥം. കാരണം കാഹളമായി ഉപയോഗിച്ചിരുന്ന ആ കൊമ്പാണ് ജൂബിലി വർഷത്തിന്റെ ആരംഭമായി സൂചിപ്പിക്കുന്നത്. പഴയ നിയമത്തിൽ ലേവ്യരുടെ പുസ്തകത്തിൽ ജൂബിലി വർഷത്തെ കുറിച്ച് പറയുന്നുണ്ട്. അത് സ്വാതന്ത്ര്യത്തിന്റെയും വിടുതലിന്റെയും വർഷമായിരുന്നു. പഴയ നിയമ ജനതയ്ക്ക് ജൂബിലി വർഷം ഒരു തിരിഞ്ഞു നോട്ടത്തിന്റെയും അനുരഞ്ജനത്തിന്റെയും വർഷമായിരുന്നു.

**ജൂബിലിയുടെ ലക്ഷ്യം**

ഈ ജൂബിലി വർഷത്തിന് 3 ലക്ഷ്യങ്ങളാണ് ഉള്ളത്. ഒന്നാമതായി ക്രിസ്തുവിനെ ആഘോഷിക്കുക (To Celebrate Chri)st. ഈശോയെ കൂടുതൽ ആഴമായി അറിയാനും സ്നേഹിക്കാനും അവിടുത്തെ വചനം പാലിക്കാനും ഈ വർഷം നമുക്ക് സാധിക്കട്ടെ. രണ്ടാമതായി തിരുസഭയെ ആഘോഷിക്കുക (To Celebrate Church). ക്രിസ്തുവിനെ സ്നേഹിക്കുക എന്നാൽ അവിടുത്തെ മൗതിക ശരീരമായ സഭയെ സ്നേഹിക്കുക എന്നതാണ്. സഭ വേദനിക്കുമ്പോൾ അവിടെ ക്രിസ്തു തന്നെയാണ് വേദനിക്കുന്നത്. സഭയെ സ്നേഹിക്കാനും സഭയുടെ പ്രബോധനങ്ങളിൽ ആഴപ്പെടാനും ഈ ജൂബിലി വർഷം നമ്മെ സഹായിക്കട്ടെ. മൂന്നാമതായി വിശ്വാസത്തെ ആഘോഷിക്കുക (To Celebrate our Faith). എനിക്ക് ലഭിച്ച വിശ്വാസം പ്രഘോഷിക്കേണ്ട കടമ ഓരോ ക്രിസ്ത്യാനിക്കും ഉണ്ട്. ക്രിസ്തുവിന് സാക്ഷികൾ ആകാൻ വിളിക്കപ്പെട്ടവരാണ് നാം ഓരോരുത്തരും. ഈയൊരു തിരിച്ചറിവ് ഈ ജൂബിലി വർഷത്തിൽ നമുക്ക് ഉണ്ടാകട്ടെ.

**പ്രത്യാശയുടെ തീർത്ഥാടകർ**

പ്രത്യാശയാണ് ഓരോ മനുഷ്യരെയും മുന്നോട്ട് കൊണ്ടുപോകുന്നത്. അത് സ്വർഗ്ഗരാജ്യത്തെ സ്വപ്നം കണ്ടു ജീവിക്കാൻ നമ്മെ പ്രാപ്തരാക്കുന്നു. കാത്തിരിപ്പിന്റെ പുണ്യം എന്നാണ് ഫ്രാൻസിസ് പാപ്പ പ്രത്യാശയെ കുറിച്ച് വിശദീകരിക്കുന്നത്. ജീവിതത്തിന്റെ സന്തോഷത്തിലും ദുഃഖത്തിലും ക്രിസ്തുവിനെ നോക്കിക്കൊണ്ട് കാത്തിരിക്കുന്നതാണ് പ്രത്യാശ എന്ന പുണ്യം. ജീവിതത്തിന്റെ ഏറ്റവും ദുർഘടം പിടിച്ച സാഹചര്യത്തിലും വിശുദ്ധ പൗലോസ് ശ്ലീഹാ പറയുന്നതുപോലെ പ്രത്യാശ നമ്മെ ഒരിക്കലും നിരാശരാക്കുന്നില്ല. അത് പരിശുദ്ധാത്മാവ് നൽകുന്ന വലിയ ദാനമാണ്. ദൈവത്തിൽ ആശ്രയം വയ്ക്കാൻ ഈ ദാനം നമ്മെ പ്രാപ്തരാക്കും. വിശ്വാസത്തിലും സ്നേഹത്തിലും ക്ഷമയിലും വളർന്നുകൊണ്ട് ജീവിതത്തിൽ പ്രത്യാശയുടെ വെളിച്ചം പകരുവാൻ ഈ ജൂബിലി വർഷത്തിൽ നമുക്ക് സാധിക്കട്ടെ.

വചനവായനയിലൂടെയും ആത്മീയ ഗ്രന്ഥങ്ങളുടെ പാരായണത്തിലൂടെയും കുമ്പസാരത്തിലൂടെയും വിശുദ്ധ കുർബാനയിലൂടെയും ഈ ജൂബിലി വർഷം നമുക്ക് തീർത്ഥാടനം ആകട്ടെ.

**ദണ്ഡവിമോചനത്തിനുള്ള അവസരം**

ദണ്ഡവിമോചനം എന്നാൽ എന്ത്? കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നുണ്ട്. (CCC 1471 - 1479) കുമ്പസാരത്തിലൂടെ മോചനം ലഭിച്ച പാപങ്ങളുടെ കാലിക ശിക്ഷയിൽ നിന്ന് ദൈവം തിരുമുമ്പാകെയുള്ള ഇളവ് ചെയ്യലാണ് ദണ്ഡവിമോചനം. കുമ്പസാരത്തിലൂടെ പാപം മോചിക്കപ്പെടുന്നു എന്ന് പറയുമ്പോഴും നാം ചെയ്ത പാപങ്ങളുടെ പരിണിതഫലങ്ങൾ അതോടെ ഇല്ലാതാകുന്നില്ല. അതുകൊണ്ടുതന്നെ അതിന് പരിഹാരവും പ്രായശ്ചിത്തവും നാം ചെയ്യേത് അനിവാര്യമാണ്. അങ്ങനെ പരിഹാര പ്രവർത്തികളിലൂടെ ഈ ഭൂമിയിൽ ആയിരിക്കെ തന്നെ നമ്മുടെ ശുദ്ധീകരണം പൂർത്തിയാക്കേതുണ്ട്. അങ്ങനെ പൂർത്തിയാക്കാത്ത പക്ഷം മരണശേഷം കാലിക ശിക്ഷ പൂർത്തിയാക്കി പൂർണ്ണമായ ശുദ്ധീകരണം പ്രാപിച്ചവർക്ക് മാത്രമേ സ്വർഗ്ഗപ്രാപ്തി നേടാൻ കഴിയുകയുള്ളൂ. അതിനുവേണ്ടിയുള്ളതാണ് ശുദ്ധീകരണ സ്ഥലം. എന്നാൽ സഭ നൽകുന്ന ദണ്ഡവിമോചനങ്ങളിലൂടെ പാപത്തിന്റെ ഈ കാലിക ശിക്ഷയിൽ നിന്ന് നമുക്ക് ഇളവ് നേടാം. സഭ നിർദേശിക്കുന്ന ചില വ്യവസ്ഥകൾ പാലിച്ചുകൊണ്ട് നമുക്കത് നേടിയെടുക്കാം. ഈ ജൂബിലി വർഷത്തിൽ വിശുദ്ധ കവാടങ്ങളിലൂടെ പ്രവേശിക്കുന്നവർക്ക് ദണ്ഡവിമോചനം മാർപാപ്പ പ്രഖ്യാപിച്ചിട്ടുണ്ട്. തൃശ്ശൂർ അതിരൂപതയിൽ മൂന്ന് ഇടങ്ങളിൽ ആണ് ദണ്ഡവിമോചനം ലഭിക്കുന്ന വിശുദ്ധ കവാടങ്ങൾ ഒരുക്കിയിട്ടുള്ളത് തൃശ്ശൂർ ലൂർദ് കത്തീഡ്രൽ, തൃശ്ശൂർ വ്യാകുലമാതാവിൻ ബസിലിക്ക, പാലയൂർ തീർത്ഥ കേന്ദ്രം.

വിശുദ്ധ കവാടം തുറക്കപ്പെടുന്ന ദേവാലയത്തിലെ പ്രധാന വാതിലിലൂടെ ഭക്തിയോടെ പ്രവേശിച്ച് വിശുദ്ധ കുമ്പസാരം എന്ന കൂദാശ സ്വീകരിച്ചുകൊണ്ടും വിശുദ്ധ കുർബാന അർപ്പിച്ചു കൊണ്ടും തുടർന്ന് പരിശുദ്ധ പിതാവിന്റെ നിയോഗത്തിനായി 1 വിശ്വാസപ്രമാണം, 1 സ്വർഗ്ഗ, 1 നന്മ, 1 ത്രിത്വ എന്നിവ ചൊല്ലി ദണ്ഡവിമോചനം പ്രാപിക്കാൻ ഈ ജൂബിലി വർഷത്തിൽ ഓരോ വിശ്വാസിക്കും അവസരമുണ്ട്. അങ്ങനെ പ്രത്യാശയുടെ തീർത്ഥാടകരായി തീരുവാൻ ഈ ജൂബിലി വർഷത്തിൽ നമുക്ക് കഴിയട്ടെ എന്ന് പ്രാർത്ഥിക്കുകയും, ആശംസിക്കുകയും ചെയ്യുന്നു.



# ക്യാൻസർ വെറും ഒരു വാക്കാണ്; അവസാന വാക്ക് അല്ല!



**ഡോ.സുനു സിറിയക്**
**ക്യാൻസർ രോഗ വിദഗ്ദൻ**
**അമല മെഡിക്കൽ കോളേജ്**

ക്യാൻസർ എന്ന മഹാമാരി സ്പർശിക്കാത്ത കുടുംബങ്ങളുടെ എണ്ണം കേരളത്തിൽ ദിനം പ്രതി കുറഞ്ഞു വരികയാണ്. എന്നാൽ അതുപോലെ തന്നെ ക്യാൻസറിനെകുറിച്ചുള്ള അവബോധവും അതിവേഗം വർദ്ധിച്ചു കൊണ്ടേയിരിക്കുന്നു. പുറത്ത് പറയാൻ പറ്റാത്ത ഒരു മോശം രോഗം എന്ന ദുഷ്പേരിൽ നിന്നും ക്യാൻസർ ഏറെക്കുറെ കരകയറി കഴിഞ്ഞിരിക്കുന്നു. ഇന്ന് ക്യാൻസർ രോഗികളും അവരുടെ ഉറ്റവരും ഇതേക്കുറിച്ച് പരസ്യമായി സംസാരിക്കുവാനും അനുഭവങ്ങൾ പങ്കുവെയ്ക്കുവാനും തയ്യാറായി മുന്നോട്ടുവരുന്നത് വളരെ നല്ല ഒരു മാറ്റമാണ്.

എന്നാൽ അതിനേക്കാൾ വേഗത്തിലാണ് ഇന്ന് ക്യാൻസർ ചികിത്സയും പുരോഗമിച്ചു കൊണ്ടിരിക്കുന്നത്. തൽഫലമായി അതിസങ്കീർണവും, മറ്റ് അവയവങ്ങളിലേക്ക് വ്യാപിച്ചതും മാറിയശേഷം രണ്ടാമത് വീണ്ടും വരുന്നതുമായ പല ക്യാൻസറുകളും ഇന്ന് നമുക്ക് ചികിത്സിച്ച് ഭേദമാക്കാനോ നിയന്ത്രണവിധേയമാക്കാനോ സാധിക്കുന്നുണ്ട്. ഇതിന്റെ അനവതി ജീവിക്കുന്ന ഉദാഹരണങ്ങളിൽ ചിലരെ നമുക്ക് ഇന്ന് പരിചയപ്പെടാം, അവരുടെ ചില പ്രത്യേകതകളും. (ഇതിൽ ചില പേരുകൾ അവരുടെ സ്വകാര്യതയെ മാനിച്ച് മാറ്റി ഉപയോഗിച്ചവയാണ്.)

**കേക്കും ഗുളികയും പിന്നെ ജീനയും**

ജീനയ്ക്ക് വയസ്സ് 34. ഭർത്താവ് വിദേശത്താണ്. അഞ്ച് വയസ്സുള്ള ഒരു കുഞ്ഞു മകൾ, പേര് സെറാ. എന്നാൽ മൂന്നു വർഷമായി ജീന ശ്വാസകോശ ക്യാൻസറിന് ചികിത്സ എടുക്കുന്നു. അതും തലച്ചോറിലേക്ക് വ്യാപിച്ച അവസ്ഥയിൽ തുടങ്ങിയത്. എന്നാൽ ഇന്നും വീട്ടിൽ ചെറിയതോതിൽ ജീന കേക്ക് ഉണ്ടാക്കി കൊടുക്കും, ഉടുപ്പുകൾ തുന്നി കൊടുക്കും, മാത്രവുമല്ല കഴിഞ്ഞ രണ്ടു വർഷമായി അമല ആശുപത്രിയിൽ ക്രിസ്മസ് കാലത്ത് ജീന ഒരു കേക്ക് കടയും നടത്താറുണ്ട്. എല്ലാവർക്കും മധുരവും സ്നേഹവും പുഞ്ചിരിയും വിതരണം ചെയ്യുന്ന ഒരു കൊച്ചു കേക്ക് കട. ആ സമയങ്ങളിൽ ദിവസവും വൈകീട്ടും രാത്രിയും കേക്ക് ഉണ്ടാക്കി പകൽ അവിടെ കൊണ്ടുവന്ന് വിതരണം

ചെയ്യും. ഇതിനിടയിൽ ചെറുതെങ്കിലും ഒരു നല്ല റോളിൽ ലൈഫ് ഓഫ് എ മാൻ ഗ്രോവ്, എന്ന ഒരു സിനിമയിലും അഭിനയിച്ചു. ഒരു ക്യാൻസർ അതിജീവിതയായ പെൺകുട്ടിയുടെ കഥ പറയുന്ന ഒരു സിനിമയായിരുന്നു അത്. ഇതെല്ലാം ഇത്ര ഊർജ്ജസ്വലതയോടെ ചെയ്യാൻ ജീനയെ സഹായിക്കുന്നത് രണ്ട് കാര്യങ്ങളാണ്.

ഒന്ന്- ജീനയുടെ എല്ലാമെല്ലാമായ അഞ്ചുവയസ്സുകാരി മകൾ സെറാ

രണ്ട് -മൂന്ന് വർഷമായി ദിവസവും കഴിക്കുന്ന ഒരു ക്യാൻസർ ഗുളിക.

ഒരു കാലത്ത് വെറും ആറ് മാസം മാത്രം ഉദ്ദേശം ജീവിക്കുവാൻ സാധിച്ചിരുന്ന ഒരു മാരകരോഗം ആയിരുന്നു തലച്ചോറിലേക്ക് വ്യാപിച്ച ശ്വാസകോശ ക്യാൻസർ. എന്നാൽ കഴിഞ്ഞ 10–15 വർഷത്തിനിടെ ഉണ്ടായ അനവധി പ്രമുഖ ശാസ്ത്രീയ മുന്നേറ്റങ്ങൾ വഴി ഇന്ന് പല പ്പോഴും ഈ രോഗത്തെ നിസ്സാരം എന്ന് തോന്നുന്ന ഗുളികകൾ ഉപയോഗിച്ച് ചികിത്സിക്കാൻ നമുക്ക് സാധിക്കും.

**ഒരു ആഫ്രിക്കൻ വീരഗാഥ**



ഇനി മറ്റൊരു കഥ പറയാം. 22 വയസ്സുള്ള സൈമൺ എന്ന പയ്യൻ. ആഫ്രിക്കയിലെ എത്യോപ്യ എന്ന രാജ്യത്തെ ഒരു എൻജിനീയറുടെ മകൻ, അവനും എഞ്ചിനീയറിങ്ങിന് പഠിക്കുന്നു. നിർഭാഗ്യവശാൽ 2020 ൽ രക്താർബുദം പിടിപ്പെടുന്നു. നാല് സഹോദരങ്ങളിൽ മൂത്തവൻ ആണ് അവൻ. കോവിഡ് മഹാമാരി നിറഞ്ഞു നിൽക്കുന്ന കാലത്തും തികഞ്ഞ ആത്മവിശ്വാസത്തോടെയും മനശക്തിയോടെയും ആ കുടുംബം പരിമിതമായ ചികിത്സാ സൗകര്യങ്ങൾ ഉള്ള എത്യോപ്യയിൽ കോവിഡിനെയും രക്താർബുദത്തേയും ചികിത്സിച്ചു തോൽപ്പിച്ചു. എന്നാൽ നിർഭാഗ്യവശാൽ മൂന്നു വർഷങ്ങൾക്ക് ഇപ്പുറം, 2023 ൽ ആ മകന് രക്താർബുദം തിരികെ വന്നു. സാമ്പത്തിക പരിമിതികൾ ഏറെ ഉണ്ടായിട്ടും ഏതുവിധേനയും രണ്ടാമത് വന്ന രക്താർബുദത്തെ തോൽപ്പിക്കുവാനുള്ള ദൃഢനിശ്ചയത്തോടെ ആ മാതാപിതാക്കൾ അവനെയും കൊണ്ട് അമല ആശുപത്രിയിൽ എത്തി. വീണ്ടും കീമോതെറാപ്പിയും അതിനു ശേഷം ഇത്തവണ മജ്ജ മാറ്റിവെയ്ക്കൽ ചികിത്സയും നടത്തി വിജയകരമായി അവർ നാട്ടിലേക്ക് തിരികെ മടങ്ങി. മജ്ജ മാറ്റിവെയ്ക്കൽ ചികിത്സയ്ക്ക് മജ്ജ ദാനം ചെയ്തത് അവന്റെ സ്വന്തം കുഞ്ഞനുജനാണ്.

വളരെ സാധാരണ ഒരു കുടുംബം ആയിരുന്നു അവരുടേത്. എല്ലാ ദുരിതവും അവസാനിച്ചു എന്ന് കരുതി വീണ്ടും കാര്യങ്ങൾ കെട്ടിപ്പൊക്കാൻ തുടങ്ങുകയാണ്. എന്നാൽ നിർഭാഗ്യമെന്ന് പറയട്ടെ എട്ടു മാസങ്ങൾക്ക് ശേഷം മജ്ജ ദാനം ചെയ്ത ആ സഹോദരനും രക്താർബുദം സ്ഥിരീകരിച്ചു എന്ന വാർത്ത അവന്റെ എത്യോപിയിലുള്ള ഡോക്ടർ ഞങ്ങളെ അറിയിക്കുന്നു. പിന്നാലെ തന്നെ, അവർ വീണ്ടും ഇങ്ങോട്ട് വരുന്നു എന്ന സന്ദേശം ആ പിതാവ് ഞങ്ങൾക്ക് അയക്കുന്നു. തളരാതെ ആത്മവിശ്വാസം കൈവിടാതെ കുരിശും ബൈബിളും മുറുകെപ്പിടിച്ച് അവർ വീണ്ടും ഇവിടേക്ക് വന്നു. തുടർന്ന് അമ്മയും മകനും ആറുമാസത്തോളം ഇവിടെ താമസിച്ച് ചികിത്സ എടുത്തു.

വിദേശീയർ ആയതിനാൽ അനവധി നിയമക്കുരുക്കുകൾ തരണം ചെയ്തിട്ടാണ് അവർ ഇതെല്ലാം പൂർത്തികരിച്ചത്. പുറമേ വാടകയ്ക്ക് താമസിക്കാൻ ഒരു വീടും ലഭിക്കുന്നില്ല. എന്നിട്ടും ആരോടും ഒരു പരിഭവവും പറയാതെ, ചികിത്സ പൂർത്തികരിച്ച് എല്ലാവരോടും നന്ദി പറഞ്ഞു ഒരു പുഞ്ചിരിയോടെ അവർ മടങ്ങി. തിരികെ ലോകത്തിലെ ഏറ്റവും പുരാതന ക്രൈസ്തവ സഭകളിൽ ഒന്നായ എത്യോപ്യയിലേക്ക്. ഇന്ന് ആ രണ്ടു മക്കളും അവരുടെ കുടുംബവും അവിടെ സന്തോഷത്തോടെ കഴിയുന്നു. ആ മാതാപിതാക്കളുടെ മനശക്തിക്കും, നിശ്ചയദാർഢ്യത്തിനും മുന്നിൽ ക്യാൻസർ ഇന്ന് വെറും ഒരു വാക്കാണ്.

**ഹിമാലയം എന്റെ കാൽ കീഴിൽ**



ഇനി 77 വയസ്സുള്ള ഒരു അമ്മയുടെ കഥ പറയാം. എന്റെ അമ്മ ലൂലിയ സിറിയക്ക്. 18 വർഷങ്ങൾക്ക് മുൻപ് 2007 വേനൽ അവധിക്ക് ഞങ്ങളെല്ലാവരും കൂടി ഹിമാലയത്തിന്റെ കിഴക്കുഭാഗത്ത് സ്ഥിതി ചെയ്യുന്ന സിക്കിമിലേക്ക് ഒരു വിനോദയാത്ര പോയി. തിരികെ വന്ന് രണ്ടുമൂന്നു മാസങ്ങൾക്കകം അമ്മയ്ക്ക് ക്യാൻസർ സ്ഥിരീകരിച്ചു. അന്ന് അമ്മയ്ക്ക് പ്രായം 60 വയസ്സ്. ക്യാൻസർ മൂന്നാം സ്റ്റേജിൽ ആയിരുന്നു. കീമോതെറാപ്പിയും ഓപ്പറേഷനും ചെയ്തു. എല്ലാം ഒതുങ്ങി എന്ന് കരുതിയിരിക്കുമ്പോൾ ഉദ്ദേശം ഒമ്പതു മാസങ്ങൾക്കുശേഷം അമ്മയ്ക്ക് ക്യാൻസർ രോഗം വീണ്ടും കണ്ടു തുടങ്ങി. രണ്ടാമത് വന്ന ക്യാൻസറുകൾ ചികിത്സിച്ചാൽ ഭേദമാകില്ല എന്ന ഒരു മിഥ്യധാരണ ഞങ്ങൾക്കുണ്ടായിരുന്നു. എങ്കിലും ഞങ്ങൾ ചികിത്സയുമായി മുന്നോട്ടുപോയി. വീണ്ടും പരിശോധനകളിൽ അസുഖം മാറിയെന്ന് കണ്ടു. എന്നാൽ എന്നു വേണമെങ്കിലും അസുഖം തിരികെ വരും

എന്ന് ഞങ്ങൾ ശങ്കിച്ചു. പക്ഷേ അങ്ങനെയൊരു ഭയം ഞങ്ങളുടെ വീട്ടിൽ ഇല്ലാതിരുന്ന ഒരു വ്യക്തിയെ ഉണ്ടായിരുന്നുള്ളൂ. അത് അമ്മ യായിരുന്നു.

2013 ൽ ഞങ്ങൾ വീണ്ടും ഹിമാലയം കാണാൻ പോയി. ഇത്ത വണ അതിന്റെ വടക്കു പടിഞ്ഞാറ് അറ്റത്തുള്ള ഷിംലയിലേക്ക്. ഹിമാ ലയത്തിന്റെ രണ്ടു ഭാഗത്തുള്ള രണ്ട് പട്ടണങ്ങൾ സന്ദർശിച്ച അഞ്ചു വർഷങ്ങൾക്കിടയ്ക്ക് ഹിമാലയത്തേക്കാൾ വലിയ ഒരു പർവ്വതം, അർബുദം എന്ന ആ പർവതം, അമ്മ കീഴടക്കി എന്ന് ഇന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ക്യാൻസർ എന്ന രോഗത്തെ ഭയപ്പെടാതിരുന്ന മൂന്നുപേരുടെ കഥ കൾ ആണിത്. ഇവ മൂന്നിന്റെയും സവിശേഷത, ഇവ മൂന്നും ചികി ത്സിച്ചാൽ ഭേദമാക്കാൻ ബുദ്ധിമുട്ടുള്ള അവസ്ഥകളാണ് എന്ന് നമുക്ക് തോന്നിയേക്കാം. ആരംഭ ദിശയിൽ ഉള്ള മിക്ക ക്യാൻസറുകളും ഇന്ന് നമുക്ക് ചികിത്സിച്ചു മാറ്റാം എന്ന് ഒരുവിധം എല്ലാവർക്കും അറി യാം. എന്നാൽ വളരെ മൂർച്ഛിച്ച പല ക്യാൻസറുകളും ഇന്ന് നിസ്സാ രമായി തന്നെ നമുക്ക് ചികിത്സിക്കാൻ സാധിക്കുന്നുണ്ട്. അതുപോ ലെതന്നെ രണ്ടാമത് വീണ്ടും വളർന്ന ക്യാൻസറുകൾ പലതും മാറു കയില്ല എന്ന മിഥ്യാധാരണയും പുതിയ ശാസ്ത്രീയ മുന്നേറ്റങ്ങ ളോടെ മാറികൊണ്ടിരിക്കുകയാണ്.


എന്നാൽ, ഇതിനും പ്രധാനമായി ഈ മൂന്ന് സാഹചര്യങ്ങളിലും കാണാൻ സാധിക്കുന്ന ഒരു കാര്യം, അവരുടെയെല്ലാം നിശ്ചയ ദാർഢ്യമാണ്. ക്യാൻസർ ചികിത്സ പോലെ സങ്കീർണമായ ചികി ത്സകൾക്ക് അത് പൂർത്തികരിക്കാൻ നിർബന്ധമായും വേണ്ട ഒരു ഘടകമാണ് ശക്തമായ മനസ്സാന്നിധ്യവും, അചഞ്ചലമായ നിശ്ചയ ദാർഢ്യവും. രോഗികൾക്ക് വ്യക്തിപരമായി അത്തരം സന്ദർഭങ്ങ ളിൽ മാനസിക സമ്മർദ്ദങ്ങൾ കൂടുമെങ്കിലും കുടുംബാംഗങ്ങൾ ഒന്നിച്ച് അവർക്ക് പിന്നിൽ ശക്തമായി നിന്നാലും കാര്യങ്ങൾ മാറിമറിയാം. ചികിത്സാ സമയത്ത് പലപ്പോഴും പാർശ്വഫലങ്ങൾ മൂലമോ, സാമ്പത്തിക പ്രതിസന്ധികൾ മൂലമോ, ജോലി സംബന്ധ മായ മറ്റു കാരണങ്ങൾ കൊണ്ടോ പല പ്രതിസന്ധികളും വരാറുണ്ട്. പലപ്പോഴും ഇവയെ മറികടക്കാൻ സഹായിക്കുക ഈ ഒരുമയോടും നിശ്ചയദാർഢ്യത്തോടെയും ഉള്ള കുടുംബത്തിന്റെ പിന്തുണയാണ്.

ക്യാൻസറിനെ ഒരു മാറാവ്യാധി എന്ന ആശയത്തിൽ നിന്നും ഒരു സാധാരണ രോഗം എന്ന തലത്തിലേക്ക് നമ്മൾ മനസ്സിലാക്കേണ്ട കാലം അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നു. ക്യാൻസറിനെയോ, ചികിത്സ പാർശ്വഫലങ്ങളെയോ ഭയന്ന് ചികിത്സ തേടാതിരിക്കരുത്.



# ശാസ്ത്ര വളർച്ചയിൽ കത്തോലിക്ക സഭ

ഡോ. ഇഗ്നേഷ്യസ് ആന്റണി





കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം (CATECHISM OF CATHOLIC Church - CCC) കാറ്റികിസം ഓഫ് കാത്തലിക് ചർച്ച് എന്ന് വിളിക്കപ്പെടുന്നു. കത്തോലിക്ക സഭയുടെ സിദ്ധാന്തങ്ങളെ സംഗ്രഹിക്കുന്ന ഒരു റഫറൻസ് കൃതിയാണ് CCC. 1992ൽ വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഇത് പ്രാദേശിക മതബോധനങ്ങളുടെ വികസനത്തിനായുള്ള ഒരു റഫറൻസായി പ്രഖ്യാപിച്ചു. ഇത് പ്രാഥമികമായി മതബോധനത്തിന് ഉത്തരവാദികളായവരെ പള്ളിയിൽ നയിക്കുകയും മറ്റെല്ലാ ക്രിസ്ത്യൻ വിശ്വാസികൾക്കും ഉപയോഗപ്രദമായ വായന നൽകുകയും ചെയ്തു. ലോകമെമ്പാടുമുള്ള ഇരുപതിലധികം ഭാഷകളിലേക്ക് വിവർത്തനം ചെയ്യുകയും പ്രസിദ്ധീകരിക്കുകയും ചെയ്തു. CCC യിലെ 159-ാം ഖണ്ഡിക വിശ്വാസവും ശാസ്ത്രവും (Faith and Science) 2293-ാം ഖണ്ഡിക അടിസ്ഥാന ശാസ്ത്രീയ ഗവേഷണത്തിനെയും (Basic Scientific Research) ആധികാരികമായി പ്രതിപാദിക്കുന്നു.

മതവും ശാസ്ത്രവും തമ്മിലുള്ള ബന്ധത്തിൽ പ്രകൃതി, ലോകം, ചരിത്രം, തത്ത്വചിന്ത, ദൈവശാസ്ത്രം, ഭാഷാപഠനം എന്നിവയെക്കുറിച്ചുള്ള പഠനങ്ങളും പ്രവർത്തനങ്ങളും പരസ്പരം ബന്ധിപ്പിക്കുന്ന ചർച്ചകളും ഉൾപ്പെടുന്നു. പുരാതന, മധ്യകാല ലോകങ്ങൾക്ക് ശാസ്ത്രം അല്ലെങ്കിൽ മതം എന്നിവയെക്കുറിച്ചുള്ള ആധുനിക ധാരണകളോട് സാമ്യമുള്ള ആശയങ്ങൾ ഉണ്ടായിരുന്നില്ല. പക്ഷേ സാമ്യമുള്ള ഘടകങ്ങൾ ചരിത്രത്തിലുടനീളം ഉണ്ടായിരുന്നു. ശാസ്ത്രവും മതവും എന്ന പ്രയോഗങ്ങൾ 19-ാം നൂറ്റാണ്ടിൽ സാഹിത്യത്തിൽ ആദ്യമായി ഉയർന്നു വന്നു.

ശാസ്ത്രവും മതവും തമ്മിലുള്ള ബന്ധം സംഘർഷം, സൗഹാർദ്ദം, സങ്കീർണ്ണത, പരസ്പര സ്വാതന്ത്ര്യം എന്നിവ നമുക്ക് ചരിത്രത്തിലുടനീളം ദർശിക്കാൻ സാധിക്കും. ശാസ്ത്രവും മതവും സങ്കീർണ്ണമായ സാമൂഹികവും സാംസ്കാരികവുമായ ചിന്തകളും പ്രവർത്തന

ങ്ങളും ശ്രമങ്ങളുമാണ്. മിക്ക ശാസ്ത്ര സാങ്കേതിക കണ്ടുപിടുത്തങ്ങളും നേടിയെടുത്തത് മതപാരമ്പര്യങ്ങളാൽ സംഘടിപ്പിക്കപ്പെട്ട സമൂഹ ങ്ങളാണ്. ശാസ്ത്രീയമായ രീതിയെ ഔപചാരികമാക്കിയത് റോജർ ബേക്കൺ എന്ന ഫ്രാൻസിസ്ക്കൻ സന്യാസിയായിരുന്നു. ബഹു.വി ഷയപണ്ഡിതനും, ശാസ്ത്രജ്ഞനും ദൈവശാസ്ത്രജ്ഞനും, മധ്യ കാലത്തിലെ ഒരു തത്വചിന്തകനും ചുരുക്കത്തിൽ ബഹുസ്വരത യുടെ ഒരു ആചാര്യനുമായിരുന്നു. അനുഭവം മാത്രമാണ് ജ്ഞാന ത്തിനു കാരണമെന്നുള്ള വിശ്വാസം സൂക്ഷിച്ചിരുന്ന ഒരു അനുഭവ ജ്ഞാനിയും (Empericist) പ്രകൃതിയെ എംബരിസിസത്തിലൂടെ പഠിച്ച ശാസ്ത്രജ്ഞനുമായ ബേക്കണിന്റെ പ്രതിമ ഓക്സ്ഫഡ് യൂണിവേ ഴ്സിറ്റി മ്യൂസിയം ഓഫ് നാച്ചുറൽ ഹിസ്റ്ററിയിൽ സൂക്ഷിച്ചിട്ടുണ്ട്. പരീക്ഷണാത്മക ശാസ്ത്രത്തിന്റെ തുടക്കകാരനും അതികായകനു മായ അദ്ദേഹത്തെ സമൂഹങ്ങളെ ആധുനിക യുഗത്തിലേക്ക് നയിച്ച ഒരു മാന്ത്രികനായി കണക്കാക്കിയിരുന്നു. സാർവത്രിക വ്യാകരണത്തിന്റെ ആദ്യ കാല പ്രദർശനത്തിനായി അദ്ദേഹത്തിന്റെ ഭാഷാപരമായ കൃതികൾ ഉപയോഗിക്കപ്പെ ട്ടു. മധ്യകാല സർവ്വകലാശാല പാഠ്യപ ദ്ധതിയുടെ പരിഷ്കരണത്തിന് അദ്ദേഹം ഭാഗികമായി ഉത്തരവാദിയായിരുന്നു.




ബേക്കണിന്റെ പ്രധാന കൃതിയായ 'ഓപസ മജസ' 1267ൽ പോപ്പിന്റെ അഭ്യർത്ഥന പ്രകാരം റോമിലെ ക്ലെമന്റ് നാലാമൻ മാർപ്പാപ്പയ്ക്ക് അയച്ചു കൊടുത്തു. വെടിമരുന്ന് ആദ്യമായി കണ്ടുപിടിച്ചതും വിവരി ച്ചതും ചൈനയിലായിരുന്നുവെങ്കിലും യൂറോപ്പിൽ ആദ്യമായി അതിന്റെ ഫോർമുല രേഖപ്പെടുത്തിയത് ബേക്കൺ ആയിരുന്നു. സുമ്മ ഗ്രാമമാറ്റിക്ക അദ്ദേഹത്തിന്റെ മറ്റൊരു കൃതിയായിരുന്നു.

അന്വേഷണങ്ങളും അറിവുകളും തിരിച്ചറിവുകളും കണ്ടുപിടു ത്തങ്ങളുമായി ശാസ്ത്രം പുരോഗമിച്ചു കൊണ്ടിരുന്നപ്പോൾ ഈ ശാസ്ത്രീയതയെ ജനഹൃദയങ്ങളിലേക്ക് ലയിപ്പിച്ചു ചേർക്കാൻ ഭാഷ കളും ലിപികളും ഗ്രാമറുകളും കണ്ടെത്തി, രേഖപ്പെടുത്തി ഉയർത്തി ശാസ്ത്രീയ പ്രബന്ധങ്ങളിലേക്ക് വളർത്താൻ സഹായിക്കുകയും പരി ശ്രമിക്കുകയും ചെയ്തവരെ ഓർക്കുമ്പോൾ അതിൽ നല്ലൊരു പങ്കും ക്രൈസ്തവരും ക്രൈസ്തമിഷണറിമാരുമായിരുന്നു. ഇന്ത്യ യിലെ പ്രധാന ഭാഷകളുടെ ലിപികളും ഗ്രാമറുകളും വളർത്തിയെടു ക്കുന്നതിൽ ക്രൈസ്തവ മിഷണറിമാരുടെ പങ്ക് എടുത്ത് പറയ ത്തക്ക വലുതാണ്. തമസ്കരിക്കാൻ ആരൊക്കെ ആഗ്രഹിച്ചാലും മറ

നീക്കി പുറത്തു വരുവാൻ തക്ക ശക്തമാണ് ആ പ്രവർത്തനങ്ങൾ. ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിലേക്ക് തിരിയുമ്പോൾ തിരിച്ചറിയുന്നത് ഗുട്ടൺ ബർഗിന്റെയും അർണോസ് പാതിരിയുടേയും തികവുറ്റ മികവുറ്റ പ്രവർത്തനങ്ങളാണ്. ലോകത്തിലെ അതിശ്ക്തമായ ഭാഷകളുടെ വളർച്ചയിൽ നിസ്തുല സേവനമനുഷ്ഠിച്ച മഹാത്മക്കളെ തികഞ്ഞ ബഹുമാനത്തോടെ ഓർക്കാം. അതെ ബാബേൽ ഗോപുര നിർമ്മിതി പോലെ ആകാതെ സമൂഹത്തെ തിരിച്ചറിവിലേക്ക് വളർത്തി പടുത്തുയർത്തിയവർ അതെ ആ നസ്രായൻ വളർത്തിയവർ തന്നെ.

ജനങ്ങളുടെ ചിന്തകളിലും പ്രവർത്തനങ്ങളിലും ശാസ്ത്രീയതയെ സന്നിവേശിപ്പിക്കുന്നതിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ച്ച വെച്ചത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചതിലൂടെയാണ്. ജാതി മത ലിംഗ വർണ്ണ ഭേദ മന്യേ വിദ്യയുടെ വെളിച്ചം പകർന്നതിലൂടെയാണ്. വിളക്കുകളുടെ കൂടെ എണ്ണകൂടി കരുതാൻ പ്രേരിപ്പിച്ചവൻ തന്നെ വിവിധ താലന്തുകളിലൂടെ അവരെ വളർത്തി. ലോകത്തിലെ അതിപ്രശസ്ത സർവ്വകലാശാലകളുടെ ആരംഭം പരിശോധിച്ചു നോക്കിയാൽ അതിൽ പലതും ക്രൈസ്തവ പാതിരിമാരും സന്യാസിമാരും ആത്മായരും ചേർന്ന് ആരംഭിച്ചവയായിരുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിലെ 25000 ത്തോളം വരുന്ന സർവ്വകാലശാലകളിൽ ആദ്യ അഞ്ച് സ്ഥാനങ്ങൾ 1.യൂണിവേഴ്സിറ്റി ഓഫ് അൽ ഖ്വറോയിൻ (859 മൊറോക്കോ) 2.യൂണിവേഴ്സിറ്റി ഓഫ് ബോളൊഞ്ഞ (1088 ഇറ്റലി), (യൂറോപ്പിലെ ആദ്യത്തേതും ആദ്യമായി ഡിഗ്രികൾ അവാർഡു ചെയ്തതും ഈ സർവ്വകാലശാല ആയിരുന്നു) ആധുനിക ലീഗൽ, ശാസ്ത്രീയ സംവി



**UNIVERSITY OF SANTA THOMAS**

ധാനങ്ങൾ വളർത്തി വലുതാക്കുന്നതിൽ മുഖ്യ പങ്ക് വഹിച്ചു.) പോപ്പ് അലക്സാണ്ടർ 4 ഉം നിക്കോളാസ് കോപ്പർ നിക്കസും ഇവിടത്തെ വിദ്യാർത്ഥികളായിരുന്നു) 3.യൂണിവേഴ്സിറ്റി ഓഫ് ഓക്സ്ഫഡ് (44 കോളേജുകൾ – Merton 1249, Balliol 1264 & Reuben 2019 )4.യൂണി വേഴ്സിറ്റി ഓഫ് സലമാൻക (Salamanca) (1134, Spain 5.യൂണിവേഴ്സിറ്റി ഓഫ്പാരീസ് (1150 France.ഡോക്ട്രൽ ഡിഗ്രി നൽകാൻ ആരംഭിച്ചത് ഈ യൂണിവേഴ്സിറ്റിയിൽ നിന്നാണ്. യൂണിവേഴ്സിറ്റിയിലൂടെ 3 മാർപ്പാപ്പമാരും 11 ഫ്രഞ്ച് പ്രസിഡണ്ടുമാരും ഉത്ഭവിച്ചു. (6. കേബ്രിഡ്ജ് 7.അൽ–അഷർ യൂണിവേഴ്സിറ്റി) ലോകത്തിലെ കാത്തലിക് യൂണിവേഴ്സിറ്റികളിൽ ല്യുവണും (Leuven) ഏഷ്യയിലെ യൂണിവേഴ്സിറ്റി ഓഫ് സാന്റോ തോമസ് (Bishop Miguel de Benavides 3 rd Archbishop of Manila) പ്രശസ്തിയിൽ മുന്നിൽ നിൽക്കുന്നു. അക്കാദമിക് മിഷ്യനോടു കൂടി സഭ ആരംഭിച്ച ആദ്യ ഓർഡർ ഡൊമിനിക്കൻ ഓർഡർ ആയിരുന്നു.

യൂറോപ്പിൽ മധ്യകാലത്തിൽ ആരംഭിച്ച മിക്കവാറും സർവ്വകലാശാലകൾ ആരംഭിച്ചത് കത്തോലിക്ക സഭ ആയിരുന്നു. പലതും അതത് രാജ്യത്തെ ഗവൺമെന്റുകൾ ഏറ്റെടുത്തു. അതുമല്ലെങ്കിൽ പല ഗവൺമെന്റുകളും അതിനോട് ചേർന്ന് പുതിയ് സർവ്വകലാശാലകൾ സ്ഥാപിച്ചു. അതതു രാജ്യത്തെ ഗവൺമെന്റുകളെ മാറ്റി നിർത്തിയാൽ ലോകത്ത് ഉന്നത വിദ്യാഭ്യാസം നൽകുന്ന ഏറ്റവും വലിയ പ്രസ്ഥാനം കത്തോലിക്കസഭയാണ്. ഏകദേശം ലോകത്ത് ഉന്നതവിദ്യാഭ്യാസം നൽകുന്ന 1358 സ്ഥാപനങ്ങൾ കത്തോലിക്ക സഭയ്ക്കുണ്ട്. 1936 മുതൽ പൊന്തിഫിക്കൻ അക്കാദമി ഓഫ് സയൻസും അതിശക്തമായി പ്രവർത്തിച്ചു വരുന്നു. 1603 മുതൽ Academy of Lynxes റോമിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിന്നായി സ്ത്രീയും പുരുഷനുമായി എൺപതോളം അതിവിശിഷ്ട വ്യക്തികളെ ഈ ബോഡിയിലെ അംഗങ്ങളാക്കിയിരിക്കുന്നു.


Pontifical Academy of Sciences

ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിലേക്ക് നമ്മൾ ഉറ്റുനോക്കുമ്പോൾ കാണാൻ സാധിക്കുന്നത് ഒരു യൂണിവേഴ്സിറ്റി പോലും കേരളത്തിൽ ഇല്ലാതിരിക്കെ ഉന്നത വിദ്യാഭ്യാസ രംഗത്തെ ഒരു മാർഗ്ഗദർശിയായി, പൊതു സമൂഹത്തിന് ദരിദ്രനും, ധനികനും, സവർണ്ണനും അവർണ്ണനും ജാതിമത ലിംഗ ഭേദമില്ലാതെ 1889 ൽ അഡേൾഫ്

എഡ്‌വിൻ മെഡ്‌ലിക്കോട്ട് മെത്രാൻ തനിക്കൊരു വീട് പണിയുന്നതിന് മുമ്പ് ഒരു വിദ്യാഭ്യാസ സ്ഥാപനം (സെന്റ് തോമസ് കോളേജ്) ആരംഭിച്ചത് കത്തോലിക്ക സഭയുടെ ശാസ്ത്രത്തിനോടും പുരോഗതികളോടും സമൂഹങ്ങളോടും രാഷ്ട്രത്തോടുമുള്ള നന്മയുള്ള ഒരു ദീർഘ വീക്ഷണത്തിന്റെ ഭാഗമാണ്.

1805ൽ ജനിച്ച ചാവറയച്ചൻ കേരളത്തിന്റെയും കേരള സംസ്ക്കാരത്തിന്റെയും കേരള ജനങ്ങളുടെയും സമൂലമായ നവോത്ഥാനത്തിനു വേണ്ടി യത്നിച്ചു കൊണ്ട് എല്ലാവരെയും ഒരുമിച്ചിരുത്തി പഠിപ്പിക്കാൻ പള്ളികളുടെ കൂടെ പള്ളികൂടങ്ങൾ സ്ഥാപിക്കാൻ ഉത്തരവ് നൽകി നടപ്പിലാക്കി. ക്രാന്തദർശിയായി ചാവറയച്ചൻ 1846 ൽ മാന്നാനത്ത് ഒരു സംസ്കൃത സ്കൂളും, ആർപ്പുക്കരയിൽ കീഴാള വർഗ്ഗക്കാരുടെ കുട്ടികൾക്കായി ഒരു സ്കൂളും ആരംഭിച്ച് പ്രവർത്തനമികവോടെ എല്ലാവരെയും ഒരുമിച്ചിരുത്തി ഒരുമയോടെ ഉന്നതമായ ലക്ഷ്യത്തിനായി ഉച്ചഭക്ഷണവും നൽകി ദരിദ്രരുടെ താങ്ങും തണലുമായതല്ലേ യഥാർത്ഥത്തിൽ നവോത്ഥാനത്തിലേക്ക് വഴി തെളിയിച്ചത്. തല മറന്ന് എണ്ണ തേയ്ക്കുന്ന പ്രകൃതം നമ്മുടെ സമൂഹത്തിൽ വേരുന്നിയിട്ടുള്ളതു കൊണ്ട് കേരള ചരിത്രം ചിലർ വ്യാഖ്യാനിക്കുമ്പോഴും ഓർത്തെടുക്കുമ്പോഴും ചാവറയച്ചന്റെ (1805) ശേഷം ജനിച്ച ചട്ടമ്പിസ്വാമികൾ (1854) ശ്രീനാരായണഗുരു (1856) അയ്യങ്കാളി (1863) നവോത്ഥാന നായകരാക്കി വാഴ്ത്തു പാട്ടും താരാട്ടു പാട്ടും പാടുമ്പോൾ, ചാവറയച്ചന്റെ പ്രവർത്തനങ്ങളെ മന:പൂർവ്വം തമസ്കരിക്കാൻ ശ്രമിക്കുന്നത് ക്രൈസ്തവർ തന്നെ തിരിച്ചറിവോടെ ഓർമ്മയിൽ കരുതി വെക്കണം. ശാസ്ത്രം മനുഷ്യ സേവനത്തിനെന്നുള്ള തിരിച്ചറിവുള്ളതു കൊണ്ടും അത് മനുഷ്യരിലേക്ക് എത്തിക്കണം എന്ന് നിർബന്ധ ബുദ്ധിയിള്ളതും കൊണ്ടാണ്, ഒരുപാട് സഹനങ്ങൾ അതാതുകാലത്തെ സർക്കാരുകളിൽ നിന്ന് ലഭിച്ചിട്ടും (കോളേജ് സമരം) സഭ ഇന്നും വിദ്യാഭ്യാസ പ്രേക്ഷിതയായി സമൂഹ സേവനത്തിന്റെ അടിത്തറയിൽ കിടന്നു ഞെരിഞ്ഞമർന്നിട്ടും നിവർന്നു നിന്നു പ്രവർത്തിക്കുന്നത്. വൃക്ഷത്തിന്റെ തലപ്പും, തരളിത അവസ്ഥയും, പൂവ്വും, കായ്കനികളും കണ്ട് മതിമറന്ന് മണ്ണിന്റെ അടിയിലെ വേരിനെയും അതിനെ സമ്പന്നമാക്കി താങ്ങി നിൽക്കുന്നവരെയും അവസ്ഥകളെയും തളർത്തരുതെന്നു കൂടി പൊതു സമൂഹം ഓർക്കേണ്ടതാണ്. ശാസ്ത്രീയ ചിന്തകളും സംഭാവനകളും പകർന്നു നൽകിയതു കൊണ്ടാണ് ഇന്ത്യയുടെ അയൽരാജ്യങ്ങളിൽ തീവ്രവാദം കൊടി കുത്തി വാഴുമ്പോഴും 3100 ക്രൈസ്തവർ നൈജീരിയയിൽ കഴിഞ്ഞ വർഷം കൊല്ലപ്പെട്ടപ്പോഴും ഇന്ത്യയെന്ന രാജ്യം ഒരുമിച്ചു

നിൽക്കുന്നതും ഒരുമയിൽ പ്രവർത്തിക്കുന്നതും, വളരുന്നതും വാദ്യ ഘോഷങ്ങൾ ഇല്ലാതെ വിദ്യ നൽകിയ വെളിച്ചത്തിന്റെ തെളിച്ചത്തിലാണ്.

ആധുനിക ജനിതക ശാസ്ത്രത്തിന്റെ പിതാവായി അറിയപ്പെടുന്ന ഗ്രിഗർ ജൊഹാൻ മെഡൽ ഒരു ആസ്ട്രിയൻ സന്യാസിയും ലോ ഓഫ് ഇൻഹെരിറ്റൻസിന്റെ ഉപജ്ഞാതാവുമായിരുന്നു. മൊണാസ്ടിയുടെ ഇരുണ്ടതളങ്ങളിൽ താളം തെറ്റിയ ചിന്തകളാൽ ഓളപരപ്പിൽ വെറുതെ അവതരിപ്പിച്ചതാണ് അദ്ദേഹത്തിന്റെ തലമുറകളിലേക്ക് കൈമാറ്റപ്പെടുന്ന ജനിതക സ്വാഭാവങ്ങളെ പറ്റിയുള്ള സ്റ്റാറ്റിസ്റ്റിക്കലായിട്ടുള്ള അറിവുകളെന്ന് പലതവണ തള്ളി പറഞ്ഞ ശാസ്ത്ര സംഘടനകൾ, തുടർന്ന് ഹ്യൂഗോ ഡീവ്രിസിലൂടെ




തിരിച്ചറിയുന്നത് അന്നും ഇന്നലെയും ഇന്നും നാളെയും മൂല്യമുള്ള മുത്തുകളായ അറിവുകളായിരുന്നു അവ എന്നും ലോകം അംഗീകരിക്കുന്നു. ഇന്നും ജനിതക ശാസ്ത്ര ത്തിന്റെ പിതാവായി ഫാ. ഗ്രിഗർ ജൊഹാൻ മെൽഡൽ നിലനിൽക്കുന്നു.

1948 ൽ ജനിച്ച് മധുരൈ സെന്റ് മേരീസ് ഹൈസ്കൂളിൽ പഠിച്ച് തൃശ്ശിനാപ്പിള്ളി സെന്റ് ജോസഫ് കോളേജിലൂടെ പഠനം തുടർന്ന് ചെന്നൈ ലയോള കോളേജ് പ്രിൻസിപ്പാളും, ഭാരതീയാർ യൂണിവേഴ്സി റ്റിയുടേയും മദ്രാസ് യൂണിവേഴ്സിറ്റിയുടേയും വൈസ് ചാൻസ ലറുമായിരുന്ന ഡോ.ഫാ. സാവറിമുത്തു ഇഗ്നാസിമുത്തു എസ്. ജെ ബയോടെക്നേ ാളജിയിലൂടെ ലോകത്തിന് നൽകിയ സേവനങ്ങളും ഇത്തരത്തിൽ സ്മരിക്കപ്പെ ടേണ്ടതാണ്. ശാസ്ത്ര ലോകത്തിനു അദ്ദേഹം നൽകിയ സംഭാവനകളെ പരിഗണിച്ച് അദ്ദേഹത്തിന് എ പി ജെ അബ്ദുൾകലാം



S. Ignacimuthu S.

പുരസ്കാരം നൽകി ആദരിച്ചു. ഇന്ത്യൻ പ്രസിഡണ്ട് പദവി അലങ്കരിച്ച ശാസ്ത്രജ്ഞൻ കൂടിയായ എ പി ജെ അബ്ദുൾ കലാമിന്റെ കൂടെ ഗവേഷണം പൂർത്തികരിച്ച് റവ. ഫാ. എ കെ ജോർജ്ജും ശാസ്ത്ര ലോകത്തെ ധന്യമാക്കിയ ക്രൈസ്തവരാണ്. ജന്തു ശാസ്ത്രത്തിൽ പി.എച്ച്.ഡി നേടി സമൂഹത്തിനു ഒരുപാട് സംഭാവനകൾ നൽകി കടന്നുപോയ ഫാ.ഗബ്രിയേൽ CMI യും സസ്യവർഗ്ഗീകരണത്തിൽ ഉന്നത ഗവേഷണം നടത്തി ശാസ്ത്രസേവനം നൽകി വരുന്ന റവ.

ഡോ. എസ്. ജോൺ ബ്രിട്ടോ എസ് ജെ ഓർമ്മയിൽ നിറഞ്ഞു നിൽക്കുന്നു.

സഭയോടൊത്ത് സേവനം ചെയ്ത് നോബൽ സമ്മാനങ്ങൾ കരസ്ഥമാക്കിയിട്ടുള്ളവരുടെ ഒരു നീണ്ട നിര തന്നെ നമുക്ക് കാണുവാൻ സാധിക്കും. കുറച്ചു മഹനീയ ജേതാക്കളെ നമുക്ക് പരിചയപ്പെടാം.

| | | | | |
|---|---|---|---|---|
| 1. Guglielmo Marconi | - | 1909 | Physics Roman Catholic | |
| 2. Alexic Carrel | - | 1912 | Physiology & Medicine | RC |
| 3. Karl Landsteiner | - | 1930 | Physiology & Medicine | RC |
| 4. Gerty Theresa Cori | - | 1947 | Physiology & Medicine | RC |
| 5. Sir John Carew | - | 1963 | Physiology & Medicine | RC |
| 6. Charles K Kao | - | 2009 | Physics | RC |

(1936 നോബേൽ സമ്മാനം കരസ്ഥാനമാക്കിയ VICTOR Francis Hess (Austria) 'My Faith' എന്ന ലേഖനത്തിലൂടെ ശാസ്ത്രത്തേയും മതത്തേയും ചേർത്ത് എഴുതുകയുണ്ടായി.

| | | | | |
|---|---|---|---|---|
| 7. Brian Kobilka | - | 2012 | United States | Chemistry |
| 8. John B Goodenough | - | 2019 | USA | Christian |
| 9. William C Campbell | - | 2015 | Ireland | RC Medicine |

ലോകം അംഗീകരിക്കുന്ന ശാസ്ത്ര സത്യങ്ങൾ സമൂഹത്തിനും ശാസ്ത്രത്തിനും നൽകുന്നവരെയാണ് നോബേൽ സമ്മാനം നൽകി ആദരിക്കുന്നത്. ഏകദേശം 50% ത്തിൽ കൂടുതൽ നോബൽ സമ്മാനം കരസ്ഥമാക്കിയവരും സഭയോടൊത്ത് ചിന്തിക്കുന്നവരും ക്രിസ്ത്യാനികളും ക്രൈസ്തവ സഭയിൽ നിന്ന് താങ്ങും തണലും ഉൾക്കൊണ്ട വരുമാണെന്ന് ചരിത്രം തുറന്നു കാട്ടുന്നു. അറിവുകളുടെ ചുരുളുകൾ നിവർത്തി മനുഷ്യവർഗ്ഗത്തിന് നന്മകൾ വാരിവിതറി പ്രപഞ്ച സ്രഷ്ടാവിന്റെ കാവലിലും കരുതലിലും വിശ്വാസമർപ്പിച്ച് കാരുണ്യം പകർന്ന് നൽകി ജീവിക്കാൻ ഈ ജൂബിലി വർഷത്തിൽ നമുക്ക് സാധിക്കട്ടെ. ആരോഗ്യ രംഗത്തെയും ആതുര ശുശ്രൂഷ രംഗത്തേയും ശാസ്ത്രീയ വളർച്ചകൾ ലോകം മുഴുവനിലും ഇന്ത്യയിലും വിശേഷിച്ച് സാംസ്കാരികതലസ്ഥാനമായ തൃശ്ശൂരിലും അന്വേഷിച്ചാൽ തിരിച്ചറിയാം സദ മടി കൂടാതെ മടി തുറന്നു നൽകുന്ന സേവനങ്ങൾ. തിരിച്ചറിഞ്ഞ് വളരേണ്ടതും വളർത്തേണ്ടതും നമ്മളല്ലേ?. ഹാരപ്പ, മോഹൻജോഥാരോ നദീതട സംസ്കാരങ്ങളെ ഉയർത്തി പാടുമ്പോൾ, ജൈവവൈവിധ്യ സമൃദ്ധിയിൽ ധന്യമായ ഏദൻതോട്ടത്തിൽ നിന്നും

പുറപ്പെട്ട നദി പിഷോൺ, ഗിഹോൺ, ടൈഗ്രീസ്, യുഫ്രെട്ടീസ് എന്ന 4 നദികളായി തിരിഞ്ഞ് സമീപ പ്രദേശങ്ങളെ മുഴുവൻ സമ്പൽ സമൃദ്ധമാക്കിയത് ബൈബിൾ നമ്മളോട് പറയുന്നു. ഭുമുഖത്ത് അവ യുടെ വംശം നിലനിർത്താൻ വേണ്ടി ശുദ്ധിയുള്ള സർവ്വമൃഗങ്ങളി ലും നിന്ന് ആണ്ണും പെണ്ണുമായി ഏഴ് ജോഡികളെ തിരഞ്ഞെടു ക്കാൻ കഴിവുണ്ടായിരുന്ന നോഹ, കൺസർവേഷൻ, ബയോളജിസ്റ്റ് ആയിരുന്നു എന്നുള്ളതിന് കൂടുതൽ തെളിവുകളെന്തിന്. ആദ്യം മല ങ്കാക്കയെയും പിന്നീട് പ്രാവിനെയും അയച്ചുകൊണ്ട് പ്രകൃതിയെ നിരീക്ഷിച്ച് തിരിച്ചറിയാൻ നോഹ ശ്രമിക്കുന്നതും നമുക്ക് മനസ്സിലാ ക്കാം. അറിവുകൾ തേടിയുള്ള യാത്രകളിൽ പുതിയ സഞ്ചാര പഥ ങ്ങളിൽ പുതിയ പാതകൾ ഒരുക്കി പാദങ്ങൾ ഊന്നി യാത്രകൾ ക്രമീ കരിക്കുവാൻ അറിവും തിരിച്ചറിവും ലഭിക്കട്ടെ മനുഷ്യവർഗ്ഗത്തിന് എന്ന് ആശംസിക്കുന്നു.



KCYM സംഘടനയുടെ നേതൃത്വത്തിൽ 3-ാമത് 5s ഫുട്ബോൾ മത്സരത്തിൽ വിജയിച്ച ടീം.



ഉണ്ണിമിശിഹാ കപ്പേള തിരുന്നാൾ ദിനത്തിലെ പുഞ്ചിരി മത്സരത്തിലെ ബേബി കിങ്ങ് & ബേബി ക്വീൻ



# ബർതിമേയൂസിന്റെ സ്വന്തം യേശു



ലൗലി ഫ്രാൻസിസ്

ആരവങ്ങൾ കേട്ടുചെറുമയക്കത്തിൽനിന്നുണർന്നവൻ
ഊന്നുവടിതൻതുണയാൽ നിവർന്നു ചെവിയോർത്തു
പാദപതനങ്ങളെടുത്തെത്തി, വിഭ്രാന്തിയിലോർക്കുന്നു
ഏതോ രണ്ടളമി തേടും  കാലാൾപടയോ ഇത്?
അല്ല, യേശുവിൻ പുറകെ ഗമിയ്ക്കും ജനാവലിയെന്നറിയുന്നു
ബർതിമേയൂസിൻ മനഃക്കൺകളിൽ വെട്ടം മുള പൊട്ടുന്നു
മുൻപേ ഗമിയ്ക്കുമാ  പ്രഭുവിൻ  സവിധ മണയണം
അവൻ മുന്നിൽ തൻ ഒളികെട്ട ജീവിതമെന്നല്ല
തപ്ത ഹൃദയവും കാണിക്കയായ് വച്ചീടണം
ജന സഞ്ചയം തീർത്തവൻ സാഗരത്തിലവൻ
തെന്നിയും തെറിച്ചു മൊഴുകിയൊരു പകൽ കിനാവിൽ........
ചിന്തയിൽ ഭീതിദമൊരു ചിത്രം തെളിയുകയായ്
വഴിമുടക്കുന്നോ നെന്നോതി തള്ളുന്നു ജനം
"മാറി നില്ക്കെടാ" യെന്നാക്രോശിക്കുന്നു ചിലർ
അതിക്ഷുഭിതർ ചിലർ ഭേദ്യങ്ങളർപ്പിക്കുന്നവനിൽ
ഓർത്തവൻ  തൻപരിമിതികള സംഖ്യം ഭേദിക്കുകവയ്യ
കൈയ്യെത്തും  ദൂരത്താചിരകാല സ്വപ്നമണഞ്ഞിതാ
കൈതൊടാനാകാതെ, വാഴ്കാനോ യോഗം?
നിരത്തുവക്കിലെ  മൈൽക്കുറ്റിപോലിപ്പോഴും താൻ
പ്രഭുഗമിയ്ക്കും വഴിയിൽ മിഴി നട്ടൊരു പ്രതിമ പോൽ !!
ഏത ദൃശ്യ ശക്തിയവനിൽ ആവേശമുണർത്തിയൊ ?
മാനം മുട്ടുമൊരു ജ്വാലയായ് അവനിൽ വിശ്വാസം
കണ്ഠം പൊട്ടുമാറുച്ചത്തിൽ യേശു നാമം ജപിയ്ക്കയായ്  പിന്നെ
വായടയ്ക്കടാ യെന്നായ്  പദയാത്രാ സംഘ ശ്രേഷ്ഠർ
ഭത്സനം  ശ്രവിച്ചതില്ലവൻ, യേശു അവനിൽ
കേശാദിപാദം  നിറയും നിവൃതിയറിഞ്ഞവൻ
നിനച്ചിരിക്കാതാനിമിഷം യേശുവിൻ  വിളിവന്നു
സാർത്ഥകമായ്  ജീവിതമെന്നറിയുന്നവൻ ഓടി
തൻ അന്ധതമറന്നവൻ, പുറം കുപ്പായം വെടിഞ്ഞവൻ
വൈകാതെ, യേശുതന്നെ ഗാഢഗാഢം പുണരുന്നതറിഞ്ഞവൻ!
ശുഷ്ക്കമായൊരു ശലക്കം പോലവനിലെ അന്ധത പൊഴിയുന്നു!!
ഒരുനാൾ കാരിരുമ്പാണിതറയേണ്ടുമാ യേശു പാദങ്ങളിൽ
അന്നേ കാലവർഷം പോൽ പെയ്തൊഴിച്ചവൻ തൻ മിഴിനീർ!!

## ഫെബ്രുവരി 1
# വി.ബ്രിജീത്താ. (450–523) കന്യക

സി. ബീന (OSF)



അയർലെന്റിന്റെ മദ്ധ്യസ്ഥയായ വി.ബ്രിജീത്താ അൾസ്റ്ററിൻ 450– ൽ ഭൂജാതയായി. ചെറുപ്രായത്തിൽ തന്നെ അവൾ തന്റെ ജീവിതം ദൈവത്തിനു സമർപ്പിക്കുകയും അവൾക്ക് സ്വന്തമായുണ്ടായിരുന്ന സ്ഥലവും ദരിദ്രർക്കായി മാറ്റിവയ്ക്കുകയുമുണ്ടായി. എത്രയും സൗന്ദര്യവതിയായ ബ്രിജിത്തിനെ കാമുകർ പൊതിയാൻ തുടങ്ങിയപ്പോൾ തന്റെ വ്രതത്തിനും ഭംഗം വരാതിരിക്കാൻ വേണ്ടി തന്നെ വിരൂപയാക്കണമേയെന്ന് അവൾ പ്രാർത്ഥിച്ചു. അവളുടെ പ്രാർത്ഥന ദൈവം കേട്ടു. ഒരു കണ്ണിൽ നീരുവന്നു. മുഖം വിരൂപയായി കാമുകന്മാരെല്ലാം തന്നെ ഒഴിഞ്ഞു പോയി.

20–ാം മത്തെ വയസ്സിൽ ബ്രീജിത്താ തന്റെ സമർപ്പണത്തെപ്പറ്റി വി.പാട്രിക്കിന്റെ സഹോദര പുത്രനായ വി.മെല്ലിനോടു സംസാരിച്ചു. നിശ്ചിത ദിവസം സ്ഥലത്തെ ബിഷപ്പ് വിശുദ്ധ പാട്രിക് സഞ്ജമാക്കിയിരുന്ന ക്രമമനുസരിച്ച് വളരെയേറെ പ്രാർത്ഥനകൾ ചൊല്ലി ബ്രിജിത്തായ്ക്ക് ഒരു വെള്ളയുടുപ്പും ശിരോവസ്ത്രവും നൽകി. തൽസമയം അവളുടെ കണ്ണു സുഖപ്പെട്ടു. അവളുടെ സൗന്ദര്യം മുഴുവനും തിരികെ വന്നു. ഇതു കണ്ട് പല സ്ത്രീകളും മാതാപിതാക്കന്മാരുടെ അനുവാദത്തോടുകൂടെ ബ്രിജിത്തായുടെ ശിക്ഷണത്തിൽ ജീവിക്കാൻ തുടങ്ങി. അയർലെന്റിലെ ഒന്നാമത്തെ മഠം അവൾ സ്ഥാപിച്ചു.

ദരിദ്രരോടുള്ള അവളുടെ അനുകമ്പയെപറ്റി ഐതിഹ്യങ്ങൾ പലതുണ്ട്. ചിലപ്പോൾ തിരുവസ്ത്രങ്ങൾ വിറ്റാണ് ദരിദ്രരെ സഹായിച്ചിട്ടുള്ളത്. ബ്രിജിത്തായുടെ അമ്പതുകൊല്ലത്തെ സമർപ്പിത ജീവിതം കൊണ്ട് അയർലെന്റ് മുഴുവനും അവളുടെ സ്ഥാപനങ്ങളുടെ സമാധാനം ആസ്വദിച്ചു തുടങ്ങി. ദീർഘമായ അധ്യാനത്താൽ ക്ഷീണിതയായ ബ്രിജിത്താ 523 ഫെബ്രുവരി 1–ാം തീയ്യതി ദിവംഗതയായി.

**വിചിന്തനം**

ബ്രീജിത്തിന്റെ മുഖം ദൈവമാതാവിന്റേതും പോലെ ആയിരുന്നുവെന്ന് ഐറിഷുകാർ പറയു ന്നുണ്ട്. ബാഹ്യാകാരത്തിന് മാറ്റം വരുത്തുക നമ്മുക്ക് സാധ്യമല്ല അവളുടെ ആന്തരിക നൈർമല്യം നമുക്ക് അനുകരിക്കാം

# സ്തുത്യർഹ സേവനത്തിന് നന്ദി



വെരി. റവ. ഫാ. ഡേവിസ് പുലിക്കോട്ടിൽ



റവ. ഫാ. അനു ചാലിൽ



റവ. ഫാ. ജിജോ എടക്കളത്തൂർ

# നവാഗതർക്ക് സ്വാഗതം



വെരി. റവ. ഫാ. ജോസ് വല്ലൂരാൻ

ഇടവക : ചുവന്നമണ്ണ്
ജനനം : 17 ആഗസ്റ്റ്
തിരുപ്പട്ടം : 31 ഡിസംബർ 1985
<u>നാമഹേതുക തിരുനാൾ</u>
സെന്റ്. ജോസഫ്, മാർച്ച് 19



റവ. ഫാ. പ്രിജോവ് വടക്കേത്തല

ഇടവക : തലോർ
ജനനം : 5 നവംബർ 1995
തിരുപ്പട്ടം : 29 ഡിസംബർ 2023
<u>നാമഹേതുക തിരുനാൾ</u>
സെന്റ് ആന്റണി, ജൂൺ 13



റവ. ഫാ. ജീസ്മോൻ ചെമ്മണ്ണൂർ

ഇടവക : പേരകം
ജനനം : 31 മെയ് 1996
തിരുപ്പട്ടം : 30 ഡിസംബർ 2024
<u>നാമഹേതുക തിരുനാൾ</u>
സെന്റ് ജോസഫ്, മാർച്ച് 19

# പിണ്ടി പെരുന്നാൾ




# ഉണ്ണിമിശിഹാ കപ്പേള തിരുന്നാൾ









ആഘോഷമായ പാട്ടുകുർബ്ബാനയ്ക്ക്
11 നവവൈദികർ


ST. THOMAS' H.S.S. THOPE












കത്തീഡ്രൽ വോയ്സും,
തൃശ്ശൂർ I M A യും സംയുക്തമായി നടത്തിയ
5-ാം സൗജന്യ ചികിത്സാ ക്യാമ്പ്

ഏൽ റഫാ (ദൈവം സുഖപ്പെടുത്തുന്നു)

തൃശ്ശൂർ ലൂർദ്ദ് മെത്രാപ്പൊലീത്തൻ കത്തീഡ്രൽ വോയ്സും,
IMA തൃശൂരും സംയുക്തമായി നടത്തുന്ന

# 6-ാം സൗജന്യ ചികിത്സാ ക്യാമ്പ്

## ത്വക്ക് രോഗങ്ങൾക്ക് (SKIN DISEASES)

| | | |
|---|---|---|
| ദിവസം | : | 2025 ഫെബ്രുവരി 16 ഞായറാഴ്ച |
| സമയം | : | രാവിലെ 9 മണി മുതൽ 1 മണി വരെ |
| സ്ഥലം | : | ലൂർദ്ദ് കത്തീഡ്രൽ ഹാൾ, തൃശ്ശൂർ |

ചൊറി, ചിരങ്ങ്, കരപ്പൻ, വെള്ളപ്പാണ്ട്, സോറിയാസിസ്, പെംഫിഗസ്, മുഖക്കുരു, ചർമ്മത്തിലുണ്ടാകുന്ന തടിപ്പുകൾ, സ്കാർവി, നഖങ്ങളിൽ ഉണ്ടാകുന്ന രോഗങ്ങൾ, ചുണങ്ങ്, ത്വക്ക് അലർജി, പൂപ്പൽ രോഗം, എക്സിമ, മുടി കൊഴിച്ചിൽ, ജനനേന്ദ്രിയ ഭാഗത്തുണ്ടാവുന്ന ജനെറ്റൽ വാർട്സ്... തുടങ്ങിയ രോഗങ്ങൾക്ക് വിദഗ്ധ ചികിത്സ ലഭിക്കുന്നതാണ്.

## മരുന്നുകൾ സൗജന്യമായി നൽകുന്നു

ആവശ്യമായ ടെസ്റ്റുകളും എക്സ്റേകളും പ്രത്യേക ഡിസ്കൗണ്ടോടു കൂടി ചെയ്തു കൊടുക്കുന്നു. പങ്കെടുക്കുന്നവരുടെ പേരുകൾ താഴെ കൊടുത്തിട്ടുള്ള മൊബൈൽ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യുക.

| ശ്രീ. ജോസ് വാഴപ്പിള്ളി | ഡോ. ഇഗ്നേഷ്യസ് ആന്റണി | ശ്രീമതി. അൽഫോൻസ സിംസൺ |
|---|---|---|
| 94 46 76 67 76 | 94 96 21 73 17 | 94 95 85 58 34 |

സ്പോൺസേഴ്സ് : ധർമ്മോദയം കമ്പനി, തൃശ്ശൂർ | പോളി ക്ലിനിക്, തൃശ്ശൂർ
ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, ഹോസ്പിറ്റൽ, തൃശ്ശൂർ

Fr. Davis Pulikkottil (കത്തീഡ്രൽ വികാരി)

| സോണി കവലക്കാട്ട് | പ്രൊഫ. കെ. എം. ഫ്രാൻസിസ് | സി. ആർ. ആന്റോ |
|---|---|---|
| ജനറൽ കൺവീനർ | എഡിറ്റർ | കോർഡിനേറ്റർ |

# തൃശൂർ ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ

## പരിശുദ്ധ ലൂർദ്ദ് മാതാവിന്റെ (രോഗിദിനാചരണം) ഊട്ടുതിരുനാൾ

**2025 ഫെബ്രുവരി 11–ാം തിയ്യതി ചൊവ്വാഴ്ച**

തൃശൂർ അതിരൂപതയുടെ ഭദ്രാസന ദൈവാലയമായ ലൂർദ്ദ് കത്തീഡ്രലിൽ പരിശുദ്ധ ലൂർദ്ദ് മാതാവിന്റെ തിരുനാൾ **2025 ഫെബ്രുവരി 11–ാം തിയ്യതി ചൊവ്വാഴ്ച** കത്തീഡ്രൽ കുടുംബാംഗങ്ങൾക്കായി ഊട്ടുതിരുനാളായി പ്രാർത്ഥനാപൂർവ്വം ആഘോഷിക്കുന്നു. രോഗികൾക്കും അശരണർക്കും പീഢിതർക്കും എന്നും അത്താണിയായി പരിശുദ്ധ കന്യകാമറിയം കരുണാപൂർവ്വം നിലകൊള്ളുന്നുണ്ട്. ഈശോയിൽ നിന്ന് അനുഗ്രഹങ്ങൾ വാരിവിതറുന്ന തിരുനാൾ വി. കുർബ്ബാന, ലദീഞ്ഞ്, നൊവേന, ആരാധന ശുശ്രൂഷകളിലേക്ക് കത്തീഡ്രൽ കുടുംബത്തിലെ ആബാലവൃദ്ധം വിശ്വാസികളെയും ഹൃദയംഗമമായി സ്വാഗതം ചെയ്യുന്നു.

**2025 ഫെബ്രുവരി 1 മുതൽ 11 വരെ** വൈകീട്ട് 5 മണിക്ക് വി. കുർബ്ബാനയും, ലദീഞ്ഞും, നൊവേനയും ഉണ്ടായിരിക്കും. വലിയ നോമ്പിലേയ്ക്കായി ഒരുങ്ങുന്ന കത്തീഡ്രൽ കുടുംബത്തിലെ ഓരോ അംഗത്തെയും തിരുനാൾ ഒരുക്ക ശുശ്രൂഷകളിലേക്കും കൊടിയേറ്റത്തിനും തിരുനാളിലേയ്ക്കും പ്രത്യേകം ഹാർദ്ദമായി ക്ഷണിക്കുന്നു.

**ഫെബ്രുവരി 11–ാം തിയ്യതി ചൊവ്വാഴ്ച രാവിലെ 10.15ന്** എഴുപത് വയസ്സിനു മുകളിലുള്ള കത്തീഡ്രൽ കുടുംബാംഗങ്ങൾക്കും രോഗികൾക്കുമായി പ്രത്യേക സൗഖ്യദായക ശുശ്രൂഷകൾ ഉണ്ടായിരിക്കും. പ്രാർത്ഥിച്ചൊരുങ്ങി അനുഗ്രഹം സ്വീകരിക്കുവാൻ കത്തീഡ്രൽ കുടുംബത്തിലെ എല്ലാ വിശ്വാസികളെയും ക്ഷണിക്കുന്നു.

സ്നേഹപൂർവ്വം

**തോമസ് കോനിക്കര**
നടത്തുകൈക്കാരൻ/ജനറൽ കോ -ഓഡിനേറ്റർ

**ഫാ. ഡേവിസ് പുലിക്കോട്ടിൽ**
വികാരി

**ഊട്ടുതിരുനാൾ ആഘോഷ കമ്മിറ്റിയംഗങ്ങൾ**

## തിരുക്കർമ്മങ്ങൾ

**2025 ഫെബ്രുവരി 1 മുതൽ 11 വരെ**

**5 pm.**ന് വി. കുർബ്ബാന, ലദീഞ്ഞ്, നൊവേന

**2025 ഫെബ്രുവരി 9, ഞായറാഴ്ച**

**7.30 am.**ന് വി. കുർബ്ബാന, ലദീഞ്ഞ്, നൊവേന
**കൊടിയേറ്റം**

**2025 ഫെബ്രുവരി 11, ചൊവ്വാഴ്ച**

**6.00 am, 7.30 am,** വി. കുർബ്ബാന

**10.15 am.**ന് ഇടവകയിലെ 70 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കും രോഗികൾക്കും ഇടവക പള്ളിയിൽ കുമ്പസാരവും വി. കുർബ്ബാനയും ആശീർവ്വാദവും. തുടർന്ന് നേർച്ചഭക്ഷണം ഉണ്ടായിരിക്കുന്നതാണ്.

**5 pm.** വി. കുർബ്ബാന, ലദീഞ്ഞ്, നൊവേന, പ്രദക്ഷിണം, **ഊട്ടുനേർച്ച ആശീർവ്വാദം**



# മത്സ്യ വിപണന കേന്ദ്രം (കിയോസ്ക്)

( സർക്കാർ അംഗീകൃത സംരംഭം )

**കേരള ഫിഷറീസ് വകുപ്പ്**
**പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന**

**2025 ജനുവരി 25**
**ശനിയാഴ്ച്ച രാവിലെ 8.30 മുതൽ**
**തൃശ്ശൂർ, കിഴക്കേ കോട്ടയിൽ**
**പ്രവർത്തനം**
**ആരംഭിക്കുന്നു**



ആശിർവാദം
**Fr. ഡേവിസ് പുലിക്കോട്ടിൽ**
വികാരി, ലൂർദ് കത്തീഡ്രൽ ചർച്ച്, തൃശൂർ.



ഭദ്രദീപം തെളിയിക്കൽ
**ശ്രീമതി ലീല വർഗീസ്**
കൗൺസിലർ, തൃശൂർ കോർപറേഷൻ



ആദ്യ വില്പന ഏറ്റുവാങ്ങൽ
**ശ്രീ. ജോസഫ് മാളിയേക്കൽ**
പ്രസിഡന്റ്
മൂസ് പെറ്റ് സർവീസ് കോ. ഓപ്. ബാങ്ക്

വിശിഷ്ടസാന്നിധ്യം
**ശ്രീ. അബ്ദുൾ മജീദ്**
ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, തൃശൂർ
**Dr. ജോയ്നി ജേക്കബ് M.**
ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, തൃശൂർ

" മികച്ച ഗുണനിലവാരത്തോടെ
ആധുനിക രീതിയിൽ സജ്ജമാക്കിയ
സർക്കാർ അംഗീകൃത മത്സ്യ
വിപണന കേന്ദ്രം "

**പ്രവർത്തന സമയം**
ആഴ്ചയിൽ 7 ദിവസം
രാവിലെ 7.30 മുതൽ
രാത്രി 9.30 വരെ

**വിവിധങ്ങളായ മത്സ്യങ്ങൾ**
**വൃത്തിയാക്കി നേരിട്ട്**
**പാചകം ചെയ്യാവുന്ന**
**രീതിയിൽ ഇവിടെ ലഭ്യമാണ്**



ഓർഡറുകൾക്കും ഹോം ഡെലിവെറിക്കും വേണ്ടി വിളിക്കൂ...
**907 272 7646, 907 272 7545**


READY TO COOK | FAST HOME DELIVERY | ORDER VIA WHATSAPP | ACCEPT PARTY ORDERS

East Fort Junction Thrissur   contact@fishpointeastfort.com   www.fishpointeastfort.com



15th Death Anniversary


7th Death Anniversary



**Thettayil Devassy Paul**
Retd. HM Paravattany
Born: 27-08-1928
Died: 23-02-2010

**Thettayil Mathiri Paul**
Retd. Teacher Lourdes
Born: 25-11-1929
Died: 27-04-2018

St Joseph Unit, Kizhakkumpattukara


A Very Special Offer....
Especially For You....
"FRESH WAVE TREE HOUSE"
MEPPADI - WYANAD (TEA PLANTATION)
